സബ്മിഷൻ

## (1) കളിമൺ/മൺപാത്ര നിർമ്മാണ തൊഴിലാളികളെ ആർട്ടിസാൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. എം. പി. വിൻസെന്റ്: സർ, പരമ്പരാഗതമായി കളിമൺ പാത്ര നിർമ്മാണ രംഗത്ത് വളരെ സജീവമായി നിൽക്കുന്ന കുംഭാര വിഭാഗത്തിൽപ്പെട്ടവരുടെ വിഷമകരമായ അവസ്ഥയാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തിൽ വളരെ കുറച്ചാളുകൾ മാത്രമാണ് മൺപാത്ര നിർമ്മാണം ഉപജീവനമാർഗ്ഗമായി നിലനിർത്തുന്നത്. ഇവരുടെ സാമ്പത്തിക പരാധീനതയും സാമൂഹ്യമായ വിഷമതകളും കളിമണ്ണിന്റെ ലഭ്യതക്കുറവുമൊക്ക സർക്കാർ പരിഗണിക്കേണ്ട വിഷയങ്ങളാണ്. അവർ എവിടെനിന്നെങ്കിലും കളിമണ്ണ് കൊണ്ടുവരുമ്പോൾ പോലീസും റവന്യൂ വകുപ്പുദ്യോഗസ്ഥരും പിടികൂടുന്ന അവസ്ഥ ഇന്ന് വ്യാപകമായി നിലനിൽക്കുകയാണ്. പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇതിനെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഇവരെ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വരുമാനത്തിലും സാമൂഹികമായ പശ്ചാത്തലത്തിലും ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്ന സാധാരണക്കാരായ ഈ വിഭാഗക്കാർക്കുമാത്രമായി കളിമണ്ണ് കൊണ്ടുവരുന്നതിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതാണ്. ഇവർക്ക് വർക്ക്ഷെഡ് നിർമ്മിക്കുന്നതിനും കളിമണ്ണ് സമാഹരിക്കുന്നതിനുമാവശ്യമായ ധനസഹായം നൽകുകയും കരകൗശല തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. കരകൗശല തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്താത്തതിനാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റ് വകുപ്പുകളിൽനിന്നും ലഭിക്കേണ്ട ധനസഹായം

ഇവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് അന്യം നിന്നുപോകുന്ന ഈ തൊഴിൽ മേഖലയുടെ പുനരുദ്ധാരണത്തിന് സർക്കാർ കർമ്മ പദ്ധതി തയ്യാറാക്കണം. അതുപോലെ തൊഴിലാളികൾക്ക് പെൻഷനും പലിശരഹിത വായ്പയും ഉൾപ്പെടെയുള്ള സഹായം നൽകണം. ഇവർക്ക് ആവശ്യമായ കളിമണ്ണ് കൊണ്ടുവരുന്നതിനുള്ള തടസ്സം നീക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് തീരുമാനമുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രകൃതിയുമായി ബന്ധപ്പെട്ടതായതിനാൽ കളി മണ്ണിന്റെ ഇഷ്യൂ പൊതുവെ വളരെ പ്രയാസത്തിലാണ്. പരമ്പരാഗതമായി മൺപാത്രം നിർമ്മിക്കുന്ന വിഭാഗത്തിന് പ്രത്യേക പരിഗണന നൽകണ മെന്നും അവർക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കാനും മറ്റുമുള്ള നടപടി കൾ പ്രത്യേകമായി സ്വീകരിക്കണമെന്നുമാണ് ബഹുമാനപ്പെട്ട മെമ്പർ പറയു ന്നത്. ഗവൺമെന്റ് ഈ വിഷയം വളരെ അനുഭാവപൂർവം പരിഗണിക്കും. മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. മറ്റ് ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതാത് വകുപ്പുകൾ ചെയ്യുന്നുണ്ട്. മൺപാത്രനിർമ്മാണത്തിനാവശ്യമുള്ള അസംസ്കൃത വസ്തുക്കളുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകാനുള്ള നടപടി സ്വീകരിക്കാൻ ശ്രമിക്കാം.

## (2) അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ്

ശ്രീ. വി.പി. സജീന്ദ്രൻ: സർ, നാട്ടിൻ പുറങ്ങളിൽ ജനങ്ങൾ അനുഭവി ക്കുന്ന ദുരിതമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടേമുക്കാൽ വർഷ

ത്തോളം ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ വെളിച്ചം നൽകിയ വൈദ്യുതി വകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ പവർ കട്ട് പ്രഖ്യാപിച്ചതിനു ശേഷം യാതൊരു മാനദണ്ഡവുമില്ലാതെ ജനങ്ങളെ ഇരുട്ടിലാക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഈ പ്രശ്നം വളരെ രൂക്ഷമായിരിക്കുകയാണ്. എന്റെ സബ്മിഷനുശേഷം ശ്രീ. വർക്കല കഹാർ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ പ്രശ്നം ഇവിടെ അവതരിപ്പിക്കുന്നതാണ്. മുക്കാൽ മണിക്കൂറാണ് പവർകട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. പക്ഷേ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ രണ്ടര മണിക്കൂർ വരെ വൈദ്യുതി ഇല്ലാത്ത അവസ്ഥ യാണ് ഇപ്പോഴുള്ളത്. അന്വേഷിക്കുമ്പോൾ പവർ കട്ടാണെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. അങ്ങ് അറിയാതെയായിരിക്കാം ഉദ്യോഗസ്ഥൻ മാരുടെ ഭാഗത്തുനിന്ന് ഇത്തരം നടപടിയുണ്ടാകുന്നത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അങ്ങ് അടിയന്തരമായി ഇടപെടണം. വളരെ ഉത്തരവാദിത്തത്തോടുകൂടി കൈകാര്യം ചെയ്ത് വൈദ്യുതി വകുപ്പിനെ കടക്കെണിയിൽ നിന്നും രക്ഷിച്ച അങ്ങ് ഉദ്യോഗസ്ഥൻമാരുടെ കൈപ്പിടിയി ലൊതുങ്ങാതെ ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഒരു കാര്യം ഞാൻ ആദ്യമേ നിഷേധിക്കുകയാണ്. ഒരു ഉദ്യോഗസ്ഥനും ബോധപൂർവം അങ്ങനെ ചെയ്യില്ല. സംസ്ഥാനത്ത് വ്യാപകമായി വൈദ്യുതി തടസ്സമുണ്ടാ കുന്നു എന്നുപറയുന്നതും ശരിയല്ല. താൽച്ചർ, രാമഗുണ്ടം, കൂടംകുളം എന്നിവിടങ്ങളിലെ മെഷീൻ തകരാറിലായതിനെത്തുടർന്ന് സെൻട്രൽ

പൂളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 288 മെഗാ വാട്ടിന്റെ കുറവുണ്ടായി. അതിനാൽ കേരളത്തിൽ വ്യാപകമായി വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. അതുപോലെ കായംകുളത്തും ഒരു മെഷീൻ തകരാറിലായ തിനാൽ 170 മെഗാ വാട്ട് വൈദ്യുതി നഷ്ടപ്പെട്ടു. ഇതിനുപുറമെ ശബരിഗിരി പദ്ധതിയിലെ പെൻസ്റ്റോക്കിലേയ്ക്ക് വരുന്ന വാട്ടർ ഫ്ളോ വാൽവുകളിൽ തകരാർ വന്നതിനാൽ ഏകദേശം 400 മെഗാവാട്ട് വൈദ്യുതിയുടെ കുറവു ണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഒരു സംഭവം അങ്ങയുടെ മണ്ഡലത്തിലുണ്ടായിട്ടുണ്ട്. പടിഞ്ഞാറൻ മേഖലയിലെ പ്രശ്നങ്ങൾ കാരണം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സ്പെഷ്യൽ സിസ്റ്റം കൺട്രോൾ ഏർപ്പെടുത്തി. അത് കേരളത്തിലെ പതിനാറ് 110 കെ.വി സ്റ്റേഷനുകളെയും ബാധിച്ചു. അതിൽ ഒരെണ്ണം അങ്ങയുടെ മണ്ഡലത്തി ലാണ്. അതുപ്രകാരം ഫ്രീക്വൻസി വളരെ കുറഞ്ഞുവരുമ്പോൾ ഓട്ടോമാറ്റി ക്കായി അവിടെ വൈദ്യുതി നിലച്ചുപോകുന്നു. ദിവസത്തിൽ പലപ്രാവശ്യം അങ്ങനെ സംഭവിക്കുന്നു. അതിനാലാണ് അങ്ങയുടെ മണ്ഡലത്തിൽ കൂടുതൽ സമയം പവർകട്ടുണ്ടായത്. ഏതാനും ദിവസത്തിനുള്ളിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും.

(3) നിരന്തരമായ വൈദ്യുതി തടസ്സം

ശ്രീ. വർക്കല കഹാർ : സർ, ഇപ്പോൾ ഊർജ്ജവകുപ്പുമന്ത്രി പറഞ്ഞതി നേക്കാൾ രൂക്ഷമായ കാര്യമാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താ നുള്ളത്. സംസ്ഥാനത്ത് മുക്കാൽ മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി യിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്റെ നിയോജക

മണ്ഡലത്തിൽ കഴിഞ്ഞ രണ്ടുമാസമായി ദിവസത്തിൽ ഏറ്റവും കുറഞ്ഞത് 10 തവയണയെങ്കിലും വൈദ്യുതി നിലച്ചുപോകുന്നുണ്ട്. രാവിലെ മുതൽ ആരംഭിക്കുന്ന ഈ ദു:സ്ഥിതി എല്ലാ തലങ്ങളിലുള്ളവരെയും ബുദ്ധിമുട്ടിലാക്കുന്നു. ഒരു വിനോദ സഞ്ചാര കേന്ദ്രമായ വർക്കലയിൽനിന്ന് ഇപ്പോൾ ടൂറിസ്റ്റുകൾ വിട്ടുപോയിത്തുടങ്ങി. വൈദ്യുതി മുടങ്ങുന്നതിന് ഓരോ ദിവസവും വ്യത്യസ്തങ്ങളായ കാരണങ്ങളാണ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. ഞാൻ അവരെ മോശപ്പെടുത്താൻ പറയുന്നതല്ല. മഴയുടെ അതിപ്രസരം, കാറ്റ് എന്നിവയൊക്കെയാണ് കാരണമായി പറയുന്നത്. മറ്റൊരു ദിവസം പറഞ്ഞത്, എരുമ വൈദ്യുതി പോസ്റ്റ് മറിച്ചിട്ടുവെന്നാണ്. അങ്ങനെയെങ്കിൽ ആ പ്രദേശത്ത് മാത്രമല്ലേ വൈദ്യുതി മുടങ്ങുകയുള്ളൂ? ഇതുകാരണം ജനപ്രതിനിധികൾക്ക് ഇറങ്ങിനടക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എല്ലാതലത്തിലുമുള്ള ലോഡ്ഷെഡ്ഡിംഗിന് പുറമേയാണ് ഈ വൈദ്യുതി മുടക്കം. പരിസരപ്രദേശങ്ങളിൽ വൈദ്യുതിയുള്ള സമയത്താണ് എന്റെ മണ്ഡലത്തിലെ പല ഭാഗത്തും വൈദ്യുതി ഇല്ലാത്തതെന്ന് അന്വേഷിച്ചറിയാൻ കഴിഞ്ഞു. ഇത് ആരെങ്കിലും മന:പൂർവ്വം ചെയ്യുന്നതാണോ എന്ന സംശയം പോലുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ, ഏറ്റവും നല്ല ഉദ്യോഗസ്ഥന്മാരാണ് അവിടെയുള്ളതെന്ന് എനിക്കും അറിയാം. രാവിലെ മുതൽ അർദ്ധരാത്രി വരെ വൈദ്യുതി മുടങ്ങുന്ന സ്ഥിതി തുടരുകയാണ്. പൊതുവായി ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് ജനത്തിന് മനസ്സിലാകും. എന്നാൽ ആളുകളുടെ ക്ഷമയെ പരീക്ഷിക്കുന്ന രീതിയിലാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. പരിസരപ്രദേശങ്ങളിലൊന്നും ഇത്തരം പ്രതിസന്ധി ഉണ്ടായിക്കാണുന്നില്ല. എവിടെയെങ്കിലും മരം ഒടിഞ്ഞുവീണാൽ

ആ പ്രദേശത്ത് വൈദ്യുതി മുടങ്ങുന്നത് മനസ്സിലാക്കാം. രാവിലെ മുതൽ 10 മിനിട്ട്, അര മണിക്കൂർ, മുക്കാൽ മണിക്കൂർ, ഒരു മണിക്കൂർ എന്നിങ്ങനെ വൈദ്യുതി മുടങ്ങുകയാണ്. വൈദ്യുതി ഇല്ലെന്ന് പറയുന്നത് ആയിരിക്കും ശരി. ഈ സങ്കടകരമായ സ്ഥിതി രണ്ടുമൂന്ന് മാസമായി തുടരുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിച്ച്, ഉത്തരവാദികളായ ആളുകളെ കണ്ടെത്തി, പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഇതിനെ ക്കുറിച്ച് അന്വേഷിച്ചിട്ടുണ്ട്. ഇനി അന്വേഷിക്കേണ്ട കാര്യമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര പൂളിൽനിന്നും ലഭിക്കേണ്ട വൈദ്യുതി യിൽ 288 മെഗാവാട്ടിന്റെ കുറവും കായംകുളം വൈദ്യുതി നിലയത്തിൽ മെഷീൻ തകരാർ വന്നതിനാൽ 170 മെഗാ വാട്ട് വൈദ്യുതിയുടെ കുറവും വന്നിട്ടുണ്ട്. ഇതിനുപുറമേ ശക്തമായ കാറ്റ് ഉണ്ടാകുന്നതുകൊണ്ടും സബ്സ്റ്റേഷനിൽ ലൈറ്റ്നിംഗ് ഉണ്ടായും വൈദ്യുതി മുടങ്ങുന്നുണ്ട്. വൈദ്യുതി മുടങ്ങുന്നത് ഉടൻതന്നെ ശരിയാക്കുന്നുമുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റ് ഒരു സ്പെഷ്യൽ പ്രൊട്ടക്ഷൻ സ്കീം കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ വർഷം ഉത്തരേന്ത്യയിൽ മുഴുവൻ വെളിച്ചമില്ലാത്ത സാഹചര്യമുണ്ടായത് നമുക്കറിയാം. അതിനുകാരണം അവർ ഓവറായി വൈദ്യുതി ഉപയോഗിച്ചതുകൊണ്ടാണ്. അപ്പോൾ ഫ്രീക്വൻസി വളരെ താഴുകയും ഓട്ടോമെറ്റിക് ആയി ട്രിപ് ആവുകയും ചെയ്തു. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് സ്പെഷ്യൽ പ്രൊട്ടക്ഷൻ സ്കീം കൊണ്ടുവന്നത്. അതനുസരിച്ച് പതിനാറ് 110 കെ.വി. സബ്സ്റ്റേഷനു കളിൽ ഏറ്റവും ചുരുങ്ങിയത് നാല് തവണയെങ്കിലും ഓട്ടോമെറ്റിക്കായി

പവർ ഓഫ് ആകുന്നു. അതിൽ ഒന്ന് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജക മണ്ഡലത്തിലാണ്. അതാണ് ഇവിടെ ചൂണ്ടിക്കാണിച്ച അപ്രഖ്യാപിത കട്ട്. ഏതാനും ദിവസങ്ങൾക്കകം ഈ പ്രശ്നം തീരും. ഇതിനുത്തരവാദികൾ ഉദ്യോഗസ്ഥന്മാരല്ലെന്ന് ഒരിക്കൽക്കൂടി അറിയിക്കുന്നു.

(4) ഏകീകൃത യൂണിഫോം പദ്ധതി നിറുത്തിവയ്ക്കൽ

ശ്രീമതി കെ.എസ്. സലീഖ : സർ, കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഏകദേശം 18 ലക്ഷത്തോളം വിദ്യാർത്ഥികളെ ബാധിക്കുന്ന വിഷയമാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം യൂണിഫോം വിതരണവുമായി ബന്ധപ്പെട്ടുണ്ടായ ചില പ്രയാസങ്ങൾക്ക് കാരണം സർക്കാരിന്റെ കെടുകാര്യസ്ഥത ആണെന്നാണ് തോന്നിയിട്ടുള്ളത്. വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം ചെയ്യുന്നതിന് ചില കമ്പനികൾക്ക് മാത്രമായി നിർദ്ദേശം കൊടുത്തപ്പോൾ കുറച്ച് സ്കൂളുകൾക്ക് കിട്ടാതിരിക്കുകയും കിട്ടിയ സ്കൂളുകൾക്ക് സമയബന്ധിതമായി അതിന്റെ പണം ലഭ്യമാകാത്ത വിഷയവും നിലനിൽക്കുകയാണ്. ഗുണമേന്മയുള്ള തുണിത്തരങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ വാങ്ങി വിതരണം നടത്തുന്നതിന് പി.ടി.എ. കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുന്നതാണ് ഏറ്റവും അഭികാമ്യം. പൊതുമേഖലയിലെ എൽ.ടി.സി.–ക്കും, മഫത്‌ലാൽ അടക്കമുള്ള 11 സ്വകാര്യ കമ്പനികൾക്കുമായിരുന്നു സ്ക്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയത്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഏകീകരിച്ച യൂണിഫോം എന്നുള്ള ആശയം ഉദ്യോഗസ്ഥ തലത്തിൽ രൂപപ്പെട്ടതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് വലിയ അഴിമതിക്ക് വഴിവയ്ക്കുമെന്നുള്ളതാണ് എന്റെ

അഭിപ്രായം. സ്വകാര്യ കമ്പനികൾക്കാണ് ഇതിന്റെ നേട്ടം ഉണ്ടാകുന്ന തെന്നതും വളരെ ഗൗരവതരമാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം നിശ്ചയിക്കാനുള്ള അവകാശവും അധികാരവും പി.ടി.എ. കൾക്ക് നൽകുന്നതായിരുക്കും ഏറ്റവും നല്ലത്. പ്രാദേശികാടിസ്ഥാനത്തിൽ ഏത് വിദ്യാലയത്തിലാണ് കുട്ടി പഠിക്കുന്നതെന്ന് തിരിച്ചറിയുന്നതിന് അത് ഏറ്റവും ഗുണകരമായിരിക്കും. ഏകീകൃത യൂണിഫോം സിസ്റ്റം വന്നാൽ ഏത് സ്ക്കൂളിലെ കുട്ടിയെന്ന് തിരിച്ചറിയാൻ പൊതുജനത്തിന് പ്രയാസ മായിത്തീരും. കുട്ടികൾക്കിടയിലുള്ള പുകവലി ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും അനാശാസ്യം പോലുള്ള പ്രവർത്തനങ്ങളും തടയുന്നതിന് പ്രാദേശകിമായ ഇടപെടൽകൊണ്ട് ഒരു പരിധിവരെ സാദ്ധ്യ മാകും. അതിനാൽ ഏകീകൃത യൂണിഫോം എന്നുള്ള ആശയത്തിൽ നിന്ന് ഉദ്യോഗസ്ഥന്മാരെ പിന്തിരിപ്പിക്കുകയും ഇപ്പോൾ നല്ല നിലയിൽ നടപ്പാക്കി വരുന്ന സംവിധാനം ആ രീതിയിൽത്തന്നെ തുടരുകയും യൂണിഫോം തീരുമാനിക്കാനും നടപ്പിലാക്കാനുമുള്ള ചുമതല പി.ടി.എ. കൾക്ക് നൽകുകയും ചെയ്യണമെന്നുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യ പ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.പി.കെ. അബ്ദു റബ്ബ്) : സർ, ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞ, ഏകീകൃത യൂണിഫോം എന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടേയില്ല. സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടി കൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2012-13 മുതൽ

എം.എച്ച്.ആർ.ഡി. യുടെ നിർദ്ദേശങ്ങൾ പ്രകാരം എസ്.എസ്.എ. മുഖേന സൗജന്യ യൂണിഫോം നൽകിവരുന്നു. ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് തയ്യൽക്കൂലി അടക്കം 400 രൂപ വീതമാണ് അനുവദിക്കുന്നത്. ഇതെല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ തുകയാണ്. ഈ പദ്ധതി അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും കൂടി അനുവദിച്ചുകൊണ്ട് 2013–14–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പി.ടി.എ. തന്നെ തീരുമാനിക്കുന്ന യൂണിഫോമാണ് ഇപ്രകാരം നൽകിവരുന്നത്. എന്നാൽ ഗുണമേന്മയുള്ള യൂണിഫോം തുണിത്തരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ എൽ.ടി.സി. അടക്കമുള്ള 8 കമ്പനികളെ ഇ–ടെണ്ടർ മുഖേന എംപാനൽ ചെയ്ത് അവരിൽനിന്ന് യൂണിഫോം വാങ്ങാൻ വേണ്ടിയാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തത്. ഈ 8 കമ്പനികളും ധാരാളം ഡിസൈനുകൾ കൊടുത്തിട്ടുണ്ട്. അതിൽ നിന്നും ഇഷ്ടമുള്ള ഡിസൈനുകൾ പി.ടി.എ. യ്ക്കും സ്കൂളിനും തെരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്. പണം കൊടുക്കുന്നതും ഗവൺമെന്റ് നേരിട്ടല്ല, സ്കൂളുകളാണ്. നല്ല കമ്പനികളെ എംപാനൽ ചെയ്ത് ക്വാളിറ്റിയുള്ള തുണിത്തരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രൊസീഡ്യുവർ ഉണ്ടാക്കിയെന്ന് മാത്രമേയുള്ളു. മുൻവർഷം കുറച്ച് പ്രയാസങ്ങളും അവ്യക്തതകളും ഉണ്ടായതുകൊണ്ടാണ് നല്ല കമ്പനികളെ എംപാനൽ ചെയ്തതും ഇഷ്ടമുള്ള ഡിസൈൻ തെരഞ്ഞെടുക്കാൻ സ്കൂളുകളെ അനുവദിക്കാനും പണം സ്കൂളുകളിൽനിന്ന് കൊടുക്കാനുമുള്ള നിർദ്ദേശം നൽകിയത്. എംപാനൽ ചെയ്ത കമ്പനികൾക്കുപുറമേ മറ്റു കമ്പനികളിൽനിന്നും വാങ്ങണമെങ്കിൽ, ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട്

വാങ്ങാൻ അനുവദിച്ചുകൊണ്ട് 298/13 നമ്പർ ആയി 19–11–2013–ൽ സർക്കാർ ഉത്തരവും നൽകിയിട്ടുണ്ട്. ഇത് വളരെ സുതാര്യമായി നടക്കുന്ന പദ്ധതി യാണ്. സംസ്ഥാനത്ത് ഒട്ടാകെ ഏകീകൃത യൂണിഫോം എന്നുള്ള കാര്യം ഗവൺമെന്റിന്റെ ഭാവനയിൽപ്പോലും ഇതുവരെ ഉണ്ടായിട്ടില്ല.

(5) ബ്ലേഡ് മാഫിയാ സംഘം

ശ്രീ. പാലോട് രവി: സർ, വലിയ ഒരു ആശ്വാസത്തോടെയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. കരകുളം പഞ്ചായ ത്തിലെ മണ്ണന്തല കിഴക്കേമുക്കോല ശിവജി നഗറിൽ താമസിച്ചിരുന്ന മനോഹരൻ ആശാരിയും കുടുംബവും ഉൾപ്പെടുന്ന 5 പേർ വിഷ മുള്ളിൽച്ചെന്ന് 20–05–2014–ൽ മരിക്കുകയുണ്ടായി. മനോഹരൻ ആശാരി യുടെ മക്കൾ പലരിൽ നിന്നായി 56 ലക്ഷം രൂപ കടം വാങ്ങിയിരുന്നു. അവർക്ക് സ്വന്തമായി വീടുണ്ടായിരുന്നു. വാങ്ങിയ തുകയിൽനിന്ന് 45 ലക്ഷം രൂപയും തിരിച്ചുകൊടുത്തിട്ടും ബ്ലേഡ് മാഫിയാ സംഘത്തിൽപ്പെട്ട കുറച്ച് ആളുകൾ ഇദ്ദേഹത്തിന്റെ വീടും പുരയിടവും വളരെ കുറഞ്ഞതുകയായ 5 ലക്ഷം രൂപയ്ക്ക് എഴുതിവാങ്ങുകയുണ്ടായി. അങ്ങിപ്പോൾ ഓപ്പറേഷൻ കുബേര എന്നുപറയുന്ന വളരെ വിപ്ലവകരവും ആശ്വാസകരവുമായ ഈ നടപടി തുടങ്ങുന്നതിനുമുമ്പ്, കൊള്ളപ്പലിശയ്ക്ക് ആർക്കെങ്കിലും പണം കൊടുത്തതിനുശേഷം ഈ സംഘം പോലീസ് സ്റ്റേഷനിൽച്ചെന്ന് പണം വാങ്ങിയ ആളിനെതിരെ പരാതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് നിലനിന്നിരുന്നത്. കൊള്ളപ്പലിശ കൊടുക്കേണ്ടിവരുന്ന പാവങ്ങളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി എഗ്രിമെന്റും റിക്കോർഡുമുണ്ടാ ക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ സംസ്ഥാനത്തുടനീളമുണ്ടായിരുന്നത്.

അങ്ങനെ പോലീസിന്റെ സഹായംകൂടി ഈ ബ്ലേഡ് മാഫിയകൾക്ക് ലഭിക്കുമായിരുന്നു. അങ്ങനെ പതിനായിരക്കണക്കിന് കുടുംബങ്ങളെയാണ് കൊള്ളപ്പലിശക്കാരായ ബ്ലേഡ് മാഫിയാക്കാർ നശിപ്പിച്ചിട്ടുള്ളത്. ഓപ്പറേഷൻ കുബേര വന്നതോടുകൂടി ഈ കൊള്ളപ്പലിശക്കാരെ കണ്ടെത്താൻ കഴിഞ്ഞ താണ് ആശ്വാസകരമെന്ന് ഞാൻ ആദ്യം പറഞ്ഞത്. ഈ കുടുംബത്തിനു ണ്ടായ ഒരു ചെറിയ അനുഭവം ഞാൻ പറയാം. മരണപ്പെട്ട മനോഹരൻ ആശാരി പേട്ട സ്വദേശി രാജൻ ബാബുവിൽനിന്ന് 40 ലക്ഷം രൂപ വായ്പ വാങ്ങി. 40 ലക്ഷം രൂപയുടെ പലിശയെന്നുപറയുന്നത് ഒരു മാസം 1,60,000/– രൂപയാണ്. ബ്ലേഡ് മാഫിയ 1,60,000/– രൂപ പലിശ കൈപ്പറ്റുകയും അതിനു പുറമെ അദ്ദേഹത്തിന്റെ മുക്കോലയുള്ള വീടും സ്ഥലവും എഴുതി വാങ്ങുകയും ചെയ്തിട്ടും പണം കൊടുത്തുതീർന്നില്ലായെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയപ്പോൾ അവർ മണ്ണന്തല പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. അപ്പോൾ പോലീസ് ഇരുകൂട്ടരെയും വിളിച്ചുവരുത്തുകയും ഈ പണം കൃത്യമായി കൊടുക്കണമെന്ന് ഒരു ധാരണയുണ്ടാക്കുകയുമാണുണ്ടാ യത്. ഓപ്പറേഷൻ കുബേര വന്നതോടുകൂടിയാണ് സംസ്ഥാനവ്യാപകമായി ഇതിനൊരു മോചനമുണ്ടായിരിക്കുന്നത്. ഇത് ശക്തമായി മുന്നോട്ടുകൊണ്ടു പോകണം. ഈ കേസിലെ പ്രതികളെയും ഈ വീട് കൈക്കലാക്കിയ ആളു കളെയും ഇനിയും പിടികൂടാനുണ്ട്. ഇതിനുശേഷം ആയിരക്കണക്കിന് കേസുകളുണ്ടായിട്ടുണ്ട്. അവയിലും അടിയന്തരമായ നടപടിയുണ്ടാകണം. ബ്ലേഡ് മാഫിയ കൈക്കലാക്കിയ മനോഹരൻ ആശാരിയുടെ വസ്തുവും വീടും അദ്ദേഹത്തിന്റെ അനുജനും ബന്ധുക്കൾക്കും തിരിച്ചെടുത്തു

കൊടുക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നുകൂടി ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മണ്ണന്തല പോലീസ് സ്റ്റേഷൻ പരിധിയിലെ കിഴക്കേമുക്കോല ശിവജി നഗറിൽ താമസിച്ചിരുന്ന മനോഹരൻ ആശാരി, ഭാര്യ മഹേശ്വരി അമ്മ, മക്കളായ ബിജു, സജു, ബിജുവിന്റെ ഭാര്യ കൃഷ്ണേന്ദു എന്നിവർ 10–05–2014 രാവിലെ 7 മണിക്കും ഉച്ചയ്ക്ക് 10 മണിക്കുമിടയിൽ വീടിനുള്ളിൽ ഏതോ വിഷമുള്ളിൽച്ചെന്ന് മരണപ്പെട്ടു. മനോഹരൻ ആശാരിയുടെ ബന്ധുവായ വിശാഖിന്റെ പരാതിപ്രകാരം മണ്ണന്തല പോലീസ് സ്റ്റേഷനിൽ ക്രിമിനൽ നടപടി ചട്ടം 174–ാം വകുപ്പുപ്രകാരം ക്രൈം 480/14 ആയി കേസ് രജിസ്റ്റർ ചെയ്തു. എഫ്.ഐ.ആർ പ്രകാരവും തുടർന്നുള്ള അന്വേഷണത്തിലും കൂടുതലായി തെളിവുകൾ ഉൾപ്പെടുത്തിയതുമൂലം മുക്കോല ചരുവിള വിഷ്ണുഭവനിൽ ബോംബ് കണ്ണന്റെ സഹോദരന്മാരായ സന്തോഷ്, രാജേഷ്, കിഴക്കേമുക്കോല വീട്ടിൽ ശ്രീകുമാർ, ശ്രീകുമാറിന്റെ ഭാര്യ സജിലാഗന്ധി, കിഴക്കേമുക്കോല കൈലാസ് ഭവനിൽ അരുൺകുമാർ, മുക്കോല ചെഗ്വേര ലൈനിൽ താമസം ഗോപകുമാർ, പേട്ട പെരുന്താന്നി അക്ഷരവീഥി ലൈൻ താമസം രാജൻ ബാബു എന്നിവരാണ് കേസിലെ പ്രതികളെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ കേസ് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ പ്രത്യേക സംഘം അന്വേഷിച്ചുവരികയാണ്. മരണപ്പെട്ട ബിജു ഒന്നാം പ്രതിയായ ബോംബ് കണ്ണനിൽനിന്ന് 40 ലക്ഷം രൂപയും ആറാം പ്രതിയായ അരുൺകുമാറിൽ നിന്ന് 9 ലക്ഷം രൂപയും നാലാം പ്രതി ശ്രീകുമാറിൽനിന്ന് 7 ലക്ഷം രൂപയും ഉൾപ്പെടെ 56 ലക്ഷം രൂപ പലതവണകളായി 100 രൂപയ്ക്ക്

പ്രതിമാസം 25 രൂപ എന്ന പലിശനിരക്കിൽ കടംവാങ്ങിയതായും 45 ലക്ഷം രൂപ പലിശയിനത്തിൽ മടക്കിനൽകിയിട്ടും പ്രതികൾ വീണ്ടും തുക ആവശ്യപ്പെട്ട് നിരന്തരം ഭീഷണിപ്പെടുത്തുകയും ശല്യംചെയ്യുകയും ചെയ്ത മനോവിഷമത്തിലാണ് മേൽപ്പറഞ്ഞ അഞ്ചുപേരും ആത്മഹത്യചെയ്യാനിടയായയതെന്ന് കേസിന്റെ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് സി.ആർ.പി.സി. 174–ാം വകുപ്പും, ഐ.പി.സി. 447, 384, 306, 506, 34 എന്നീ വകുപ്പുകളും മണി ലെൻഡേഴ്സ് ആക്ട് 13, 14 എന്നീ വകുപ്പുകളും കേരളാ പ്രൊഹിബിഷൻ ഓഫ് ചാർജ്ജ് ഇൻ എക്സോർബിറ്റന്റ് ഇന്ററസ്റ്റ് 9–ാം വകപ്പും ചേർത്ത് അന്വേഷിച്ച് വിവരം കോടതിക്ക് സമർപ്പിച്ചു. മരണപ്പെട്ട ഇവർ ഒരു ഷെയർ ബ്രോക്കേഴ്സ് സ്ഥാപനവുമായി ബന്ധപ്പെട്ട് ഷെയർ ട്രേഡിംഗ് ബിസിനസ് നടത്തിവരുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ബോംബ് കണ്ണന്റെ സഹോദരൻ രാജേഷ്, പേട്ട സ്വദേശി രാജൻബാബു എന്നിവർ ഒഴികെയുള്ള മറ്റ് 6 പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ അഞ്ചാം പ്രതി സജിലാഗന്ധിക്ക് കോടതി ജാമ്യം അനുവദിച്ചിട്ടുണ്ട്. മറ്റ് 5 പ്രതികളെയും റിമാൻഡിൽ പാർപ്പിച്ച് വരികയാണ്. ബോംബ് കണ്ണന്റെ സഹോദരൻ രാജേഷ് ഗൾഫിലാണ്. രാജൻബാബു ജില്ലാകോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളിയിട്ടുണ്ട്. ഇതാണ് ഇത് സംബന്ധിച്ച് എനിക്ക് ലഭിച്ചിട്ടുള്ള വിവരം. ഇതിനെത്തുടർന്ന് സംസ്ഥാനത്തുടനീളം ഓപ്പറേഷൻ കുബേര എന്ന പേരിൽ ആഭ്യന്തരവകുപ്പ് റെയ്ഡ് ശക്തമാക്കിയിട്ടുണ്ട്. കൊള്ളപ്പലിശക്കാരുടെ കൈകളിൽനിന്ന് സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാൻവേണ്ടിയുള്ള ഒരു പരിപാടിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്.

ഇതിൻപ്രകാരം കേരളത്തിലങ്ങോളമിങ്ങോളം കൊള്ളലാഭം എടുത്തു കൊണ്ടിരുന്ന ആയിരക്കണക്കിനാളുകളെ നിയമത്തിനുമുമ്പിൽ കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. 09–06–2014 വരെ സംസ്ഥാനത്ത് 9520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഈ റെയ്ഡിൽ 4,15,86,871 രൂപ, 58 കാറുകളും 208 മോട്ടോർ സൈക്കിളുകളും 35 മറ്റ് വാഹനങ്ങളുമുൾപ്പെടെ 301 വാഹനങ്ങൾ, ആയിരക്കണക്കിന് ബ്ലാങ്ക് ചെക്കുകൾ, പ്രോമിസറിനോട്ടുകൾ, വാഹനങ്ങ ളുടെ ആർ.സി. ബുക്കുകൾ, നൂറുകണക്കിന് വസ്തുവിന്റെ ആധാരങ്ങൾ തുടങ്ങിയ രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 1377 കേസുകൾ രജിസ്റ്റർ ചെയ്യുകയും 758 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ കൊള്ളയടിക്കുന്ന ഈ ഷൈലോക്കുമാരെ നിലയ്ക്ക് നിർത്താ നുള്ള ശക്തമായ നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. കൊള്ളപ്പലിശക്കാരിൽനിന്ന് കേരളത്തെ രക്ഷിക്കുന്നതിനുള്ള ആഭ്യന്തര വകുപ്പിന്റെ ഈ നീക്കം തുടരുമെന്നുതന്നെ ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

## (6) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ സുധ എന്ന യുവതിയുടെ ദുരൂഹ മരണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര നിയോജകമണ്ഡല ത്തിലെ കുളക്കട ഗ്രാമപഞ്ചായത്തിൽപ്പെട്ട മാവടി സ്വദേശിനിയായ സുധ എന്ന യുവതിയെ 2014 ഫെബ്രുവരി മാസം 24–ാം തീയതി പുത്തൂർ ഞാങ്കടവ് പാലത്തിനുസമീപം കല്ലടയാറ്റിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ചുവന്ന പത്രവാർത്തയുടെയും

വീട്ടുകാരുടെ പരാതിയുടെയുമൊക്കെ അടിസ്ഥാനത്തിൽ ഞാനുൾപ്പെടെയുള്ളവർ തൊട്ടടുത്ത ഡി.ഡി.സി.യിൽ ഈ വിവരങ്ങൾ പറയുകയും അതിനെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഒരു പുരോഗതിയുമുണ്ടാകാതിരുന്ന സാഹചര്യത്തിൽ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയുണ്ടായി. ഈ യുവതിയുടെ മരണവുമായി ബന്ധപ്പെട്ട പോസ്റ്റ്മോർട്ടം റിപ്പോർട്ടുപോലും പോലീസ് ശേഖരിച്ചിരുന്നില്ല. ബന്ധുക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ എനിക്ക് അതിൽ ഇടപെടേണ്ടിവരികയും പോസ്റ്റ്മോർട്ടം റിപ്പോർട്ട് വാങ്ങിക്കൊടുക്കുകയും ചെയ്തു. ഏഴോളം മുറിവുകൾ ജനനേന്ദ്രിയത്തിൽത്തന്നെയുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കാര്യമായ ഒരന്വേഷണവും നാളിതുവരെയായിട്ടും ഉണ്ടായിട്ടില്ല. എന്താണ് ഈ സംഭവത്തിലെ ദുരൂഹതയെന്ന് മനസ്സിലാകണം. ജനനേന്ദ്രിയത്തിൽ ആഴത്തിലുള്ള മുറിവുകളുണ്ടെന്നുള്ള റിപ്പോർട്ട് ഏറ്റവും ഗൗരവമായി കാണേണ്ടതാണ്. രാസപരിശോധനാഫലം കൂടി വരണമെന്നാണ് കഴിഞ്ഞ ഡി.ഡി.സി.യിൽ ഇതിനു മറുപടി പറഞ്ഞത്. നിയമങ്ങൾ ശക്തമാക്കിക്കൊണ്ടുള്ള ഭേദഗതി വന്നിട്ടുപോലും സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങളും അത്തരത്തിൽ മരണപ്പെടുന്ന സംഭവങ്ങളും വൻതോതിൽ വർദ്ധിച്ചുവരുന്നുവെന്നുള്ളത് അതീവ ഗൗരവത്തോടുകൂടി കാണണം. സുധയുടെ മരണത്തിന്റെ ദുരൂഹത പുറത്തുകൊണ്ടുവരികയും കുറ്റക്കാരെ കണ്ടെത്തി കടുത്ത ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. മേലിൽ ഇങ്ങനെയുള്ള അനാസ്ഥ വരാതിരിക്കാനും പെൺകുട്ടികൾക്ക് ഇത്തരത്തിലുള്ള അനുഭവം ഉണ്ടാകാതിരിക്കാനുമുള്ള കർശന നടപടികൂടി എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം വളരെയേറെ വിവാദങ്ങളുണ്ടാക്കിയ ഒരു സംഭവമാണ്. കൊട്ടാരക്കര താലൂക്കിൽ പുത്തൂർ കുളക്കടവ് വില്ലേജിൽ മാവടി മുള്ളിക്കാലയിൽ വീട്ടിൽ സുരേന്ദ്രന്റെ മകളും ആലപ്പുഴയിലെ എസ്.ആർ.എസ്. കമ്പനി തൊഴിലാളിയുമായ 26 വയസ്സുള്ള സുധയുടെ മൃതദേഹം 24-02-2014 രാവിലെ 8 മണിക്ക് ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലടയാറ്റിൽ ഞാങ്കടവ് പാലത്തിനുസമീപം കാണപ്പെട്ടു. കുന്നത്തൂർ പഞ്ചായത്ത് 6-ാം വാർഡ് മെമ്പർ ശ്രീമതി ശാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ Cr.PC 174-ാം വകുപ്പുപ്രകാരം ക്രൈം നമ്പർ 292/14 ആയി ശാസ്താംകോട്ട പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അതിന്റെ ഇൻക്വസ്റ്റ് നടത്തി മെഡിക്കൽ കോളേജിലയച്ച് പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി. മരണ കാരണം അറിയുന്നതിന് ആന്തരാവയവങ്ങളുടെ രാസപരിശോധാ ഫലം കൂടി ലഭ്യമാക്കേണ്ടതുണ്ടെന്നാണ് പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മരണപ്പെട്ട യുവതി ഉപയോഗിച്ച മൊബൈൽ ഫോണിന്റെ കാൾ ഡീറ്റെയിൽസ് സൈബർ സെൽ മുഖേന പരിശോധിച്ച് വിശകലനം ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടറടക്കം 40 ഓളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം ശാസ്താംകോട്ട സബ് ഇൻസ്പെക്ടർ നടത്തിവരവെ മരണത്തിൽ സംശയമുണ്ടെന്നുകാണിച്ച് സുധയുടെ പിതാവ് കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നല്കിയ പരാതിയുടെ അടിസ്ഥാന

ത്തിൽ കൊട്ടാരക്കര ഡിവൈ.എസ്.പി. യെ അന്വേഷണത്തിന് ചുമതലപ്പെടുത്തി. 23–05–2014 മുതൽ കൊട്ടാരക്കര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഈ കേസ്സിന്റെ അന്വേഷണം വളരെ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയുമാണ് നടത്തിവരുന്നത്. പക്ഷെ മെമ്പർ ഇവിടെ പറഞ്ഞ സാഹചര്യത്തിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനായി ഈ കേസ് ക്രൈംബ്രാഞ്ചിനുവിടാൻ ഞാൻ തീരുമാനിക്കുകയാണ്.

(7) <u>ചെറുകിട റബ്ബർ വ്യാപാരികൾക്ക് കുടിശ്ശിക തുക ലഭ്യമാക്കൽ</u>

<u>ശ്രീ. കെ. രാജു</u> : സർ, ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതു വഴി ധാരാളം കൊള്ളപ്പലിശക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്ന അങ്ങയുടെ ശ്രദ്ധയിൽ എന്റെ മണ്ഡലത്തിലെ വലിയ ഒരു തട്ടിപ്പിന്റെ കാര്യം കൊണ്ടുവരികയാണ്. ഇത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. ഒരേ കുടുംബത്തിൽപ്പെട്ട മൂവാറ്റുപ്പുഴക്കാരായ സി.വി. മത്തായി, സി.വി. ജോർജ്, ബിജു വർഗ്ഗീസ്, ജിനോ ജോർജ് തുടങ്ങിയ മൂന്നുനാല് വൻകിട കച്ചവടക്കാർ 7–8 കോടി രൂപയുടെ റബ്ബർ, ചെറുകിട റബ്ബർ വ്യാപാരികളായ എന്റെ മണ്ഡലത്തിൽപ്പെട്ട തുളസീധരൻ, അദ്ദേഹത്തിന്റെ ബന്ധുവായ ദിവാകരൻ എന്നീ ആളുകളുടെ പക്കൽനിന്ന് വാങ്ങി. ഇവർ പത്ത് നാല്പതോളം ചെറുകിട കൃഷിക്കാരിൽ നിന്ന് റബ്ബർ വാങ്ങി സംഭരിച്ച് മൂവാറ്റുപ്പുഴക്കാരായ വൻകിട റബ്ബർ മുതലാളിമാർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഏതാണ്ട് 6–7 കോടി രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളത്. ഈ രണ്ടു പേർക്കായി 4 കോടി 90 ലക്ഷത്തിലധികം രൂപ കൊടുത്തുതീർക്കാനുണ്ട്. ഇവർ മറ്റ് പാവപ്പെട്ട ആളുകളിൽനിന്ന് റബ്ബർ വാങ്ങിയതാണ്. ഈ പണം ഇവർക്ക് കൊടുക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് ഇവരെ വഞ്ചി

ക്കുകയാണ് ചെയ്തിട്ടുള്ളത്. അതുമൂലം ഇവർ ആത്മഹത്യയുടെ വക്കിലാണ്. തുളസീധരൻ ഇവരുടെ വീടിനുമുന്നിൽ 14 ദിവസം നിരാഹാര സത്യാഗ്രഹം കിടന്നു. ഞാൻ ചെന്നാണ് അദ്ദേഹത്തിന്റെ നിരാഹാര സത്യാഗ്രഹം അവസാനിപ്പിച്ച് ആശുപത്രിയിലാക്കിയത്. ലോക്കൽ പോലീസ് അതിൽ ഇടപെട്ടില്ല. സത്യത്തിൽ ഇതൊരു വലിയ വഞ്ചനയാണ്. നല്ല സാമ്പത്തികശേഷിയുള്ള ഈ നാലുപേർ പൊളിറ്റിക്കൽ സ്വാധീനവും പണത്തിന്റെ സ്വാധീനവും ഉപയോഗിച്ച് രക്ഷപ്പെട്ട് നിൽക്കുകയാണ്. അതുമൂലം ഇപ്പോൾ പത്ത് നാൽപ്പത്തിനാലോളം കുടുംബങ്ങൾ ആത്മഹത്യയുടെ വക്കിലാണ്. മറ്റ് നിവൃത്തിയൊന്നുമില്ലാത്ത അവർക്ക് ന്യായമായും കിട്ടാനുള്ള പണം വാങ്ങികൊടുക്കാനുള്ള നടപടി സ്വീകരിക്കണം. മൂവാറ്റുപ്പുഴ ഡിവൈ.എസ്.പി. യൊക്കെ ഈ വൻകിട കച്ചവടക്കാരിൽനിന്നും ശമ്പളം പറ്റുന്ന നിലയിലാണ് പെരുമാറുന്നത്. ഇത്തരം ഒരു വിഷയമുണ്ട് ഇടപെടണമെന്ന് ഞാൻ പറഞ്ഞപ്പോൾ അതിനകത്തൊന്നും ഇടപെടാൻ കഴിയില്ല എന്ന് ഒരു എം.എൽ.എ. യോട് പറഞ്ഞ ഡിവൈ.എസ്.പി.യാണ് അവിടെയിരിക്കുന്നത്. അങ്ങ് വളരെ സദുദ്ദേശപരമായ സമീപനങ്ങൾ സ്വീകരിക്കുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ അങ്ങയുടെ നിയന്ത്രണത്തിലല്ലാതെയുള്ള ചില പോലീസ് ഉദ്യോഗസ്ഥന്മാർ ഇതുപോലെയുള്ള വൻകിട തട്ടിപ്പുകാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇതിനൊരു അവസാനം വരുത്തണം. ഈ പറയുന്ന വിഷയത്തിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പാവപ്പെട്ട റബ്ബർ കച്ചവടക്കാർക്ക് കിട്ടാനുള്ള പണം വാങ്ങിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. കെ. രാജു ഈ വിഷയം നേരത്തേതന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അഞ്ചൽ സ്വദേശികളായ പാവപ്പെട്ട റബ്ബർ കച്ചവടക്കാരായിട്ടുള്ള ധാരാളം ആളുകൾക്ക് ഏതാണ്ട് 5 കോടിയിൽപ്പരം രൂപ കിട്ടാനുള്ള ഒരു സംഭവമാണ്. ഈ പണം വാങ്ങിയ മൂവാറ്റുപ്പുഴക്കാരായ മൂന്നുപേരുടെ വീടിനുമുമ്പിൽ തുളസീധരൻ സത്യാഗ്രഹം അനുഷ്ഠിച്ചു എന്ന് മെമ്പർ പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുകിട റബ്ബർ വ്യാപാരികളായ തുളസീധരൻ, ദിവാകരൻ എന്നിവർ മൂവാറ്റുപ്പുഴയിലെ റബ്ബർ മൊത്തവ്യാപാരികൾക്ക് റബ്ബർ വിറ്റ വകയിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അഞ്ചൽ പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തു. അഞ്ചൽ **വടമണലിൽ വാരതി റബ്ബേഴ്സ്** എന്ന സ്ഥാപനം നടത്തുന്ന തുളസീധരനിൽനിന്നും 2012 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പല പ്രാവശ്യമായി പർച്ചേസ് ബിൽ നൽകി മൂവാറ്റുപുഴയിലെ മൊത്തവ്യാപാരികളായ സി.വി. മത്തായി, സി.വി.ജോർജ്, ജിനോ ജോർജ്, സി.വി. ബിജു എന്നിവരുടെ സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുപോയ 85 ഓളം ടൺ റബ്ബറിന്റെ വിലയായ 1,63,39,247/-രൂപ തുളസീധരന് നല്കാതെ വഞ്ചിച്ചുവെന്ന കുറ്റത്തിന് സി.വി. മത്തായി, സി.വി. ജോർജ്, ജിനോ ജോർജ്, സി.വി. ബിജു എന്നിവരെ പ്രതികളാക്കി IPC 420, 32 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 898/2012 ആയി 17-07-2012-ന് അഞ്ചൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. മുമ്പ് ബാങ്കുവഴി പേമെന്റ് നടത്തിക്കൊണ്ടിരുന്ന മൂവാറ്റുപ്പുഴയിലെ റബ്ബർ വ്യാപാരികൾ 2012 മെയ് 1-ാം തീയതി

പേമന്റ് ഒന്നും നല്കിയിട്ടില്ല എന്ന വിവരം നേരിൽകണ്ട് ചോദിച്ചപ്പോൾ വ്യാപാരികൾ തങ്ങളോട് പണം ചോദിക്കണ്ടായെന്ന് പരസ്പരം പറഞ്ഞ് തുക നല്കാതെ കൈയൊഴിയുകയായിരുന്നു. ഇതിന്റെ വിശദാംശങ്ങളി ലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ സംഭവം എന്റെ ശ്രദ്ധയിൽപ്പെട്ട പ്പോൾതന്നെ കൊല്ലം റൂറൽ എസ്.പി. യോട് ഈ കാര്യം അന്വേഷിക്കാൻ പറഞ്ഞു. ഇപ്പോൾ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്മേൽ വളരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഈ രണ്ട് കേസ്സിലേയും പ്രതികൾ ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഇവർ പല പേരുകളിലായി റബ്ബർ മൊത്തവ്യാപാരം നടത്തുന്നവരാണ്. ആദ്യമൊക്കെ നല്ല നിലയിൽ കച്ചവടം നടത്തിവന്നവരാണിവർ. പിന്നീട് റബ്ബർ അവരുടെ അധീനതയിലാ ക്കിയശേഷം കച്ചവടക്കാരെ പറ്റിക്കുന്നുവെന്നുള്ളതാണ് പോലീസിന് ലഭിച്ചി ട്ടുള്ള വിവരം. സമാനമായ ഇടപാടിൽ അഞ്ചൽ തടിക്കാട് ശ്രീനിവാസിൽ നസീർ എന്ന ആളെ 1,00,81,460 രൂപ കൊടുക്കാതെ വഞ്ചിച്ചതിന് പുനലൂരിൽ ഒരു കേസ് നിലവിലുണ്ട്. ആയൂർ സ്വദേശി ജോർജ് എന്ന ആളിനും 16 ലക്ഷം രൂപ കൊടുക്കാനുണ്ട്. അങ്ങനെ പല ആളുകളേയും ഇവർ പറ്റിച്ചി ട്ടുണ്ട്. ഒന്നാം പ്രതിയെ അന്വേഷിച്ച് ചെല്ലുമ്പോൾ ഒന്നാം പ്രതി സ്ഥലത്തില്ല. അയാളുടെ സഹോദരങ്ങൾ പറയുന്നത് അവരല്ല ഈ തുക കൊടുക്കേണ്ടത് എന്നാണ്. ഏതായാലും പോലീസ് ശക്തമായ നടപടികളുമായി മുന്നോട്ടു പോകും. ഈ തുക റബ്ബർ വിറ്റ പാവപ്പെട്ട ആളുകൾക്ക് ലഭ്യമാക്കാനുള്ള നട പടികളുമായി മുന്നോട്ടുപോകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയി ക്കുകയാണ്.

## (8) ചാലക്കുടി മണ്ഡലത്തിലെ കപ്പേളകളും പള്ളിയും തകർത്ത സംഭവത്തെക്കുറിച്ച് അന്വേഷണം

ശ്രീ. ബി.ഡി. ദേവസ്സി : സർ, ഇരിങ്ങാലക്കുടയിലെ മൂർക്കനാട് സംഭവത്തെത്തുടർന്ന് ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട നാല് കപ്പേളകളും ഒരു പള്ളിയും ആക്രമിച്ച് തകർക്കുകയുണ്ടായി. കൂടാതെ മൂർക്കനാട് പ്രദേശം ഉൾപ്പെട്ട ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ എസ്.ഐ. ജിജോയും എസ്.ഐ.യുടെ സഹോദരൻ പോലീസ് കോൺസ്റ്റബിൾ ലിജോയും താമസിക്കുന്ന വെറ്റിലപ്പാറയിലെ വീടിനുനേരെയും ആക്രമണമുണ്ടാകുകയും ഒരു ബൈക്ക് നിശേഷം കത്തിച്ച് നശിപ്പിക്കുകയും കാർ കത്തിക്കാൻ ശ്രമിക്കുകയുമുണ്ടായി. ഈ സംഭവം നടന്നത് രാത്രി ഒന്നേകാൽ മണിക്കാണ്. ആ സമയത്ത് എസ്.ഐ. യും പോലീസ് കോൺസ്റ്റബിളും വീട്ടിൽ കിടന്നുറങ്ങുകയായിരുന്നു. ഇരിങ്ങാലക്കുട ഡിവൈ.എസ്.പി. ക്കു നേരെയും. ഈ എസ്.ഐ.ക്കുനേരെയും. തങ്ങളുടെ കുടുംബങ്ങൾക്കു നേരെയും ഭീക്ഷണിയുണ്ടെന്ന് ഇവർ രണ്ടുപേരും മേലുദ്യോഗസ്ഥന്മാർക്ക് പരാതി നല്കുകയും സുരക്ഷിതത്വം ഉറപ്പാക്കണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഫെയ്സ്ബുക്കിലുൾപ്പെടെ ഇവർക്ക് നേരെ ഭീക്ഷണി ഉണ്ടായിരുന്നതാണ്. ചാലക്കുടി നല്ല മതമൈത്രിയും മതസൗഹാർദ്ദവും നിലനിൽക്കുന്ന സമാധാന അന്തരീക്ഷമുള്ള ഒരു സ്ഥലമാണ്. അവിടെയാണ് ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായിട്ടുള്ളത്. ഈ രണ്ട് സംഭവങ്ങളിലും ഒന്നര മാസത്തോളമായിട്ടും കുറ്റക്കാരെ കണ്ടെത്തുകയോ പ്രതികളെ പിടികൂടുകയോ ചെയ്തിട്ടില്ല. ഇതുമൂലം ജനങ്ങൾ കടുത്ത ആശങ്കയിലും ഭയപ്പാടിലുമാണ്. ഇതിനെതിരെയുള്ള പ്രതിഷേധവും ശക്തമാണ്. ആയതുകൊണ്ട്

അന്വേഷണം ഊർജിതമാക്കി കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധിയിലെ മൂർക്കനാട് എന്ന സ്ഥലത്ത് വളരെ ദൗർഭാഗ്യകരമായ സംഭവങ്ങളാണ് ഉണ്ടായത്. മൂർക്കനാടും ചാലക്കുടിയിലും ആർ.എസ്.എസ്. ന്റെ നേതൃത്വത്തിൽ വളരെ തെറ്റായ നടപടികളാണ് കൈക്കൊണ്ടത്. പള്ളിക്കുനേരെയും കുരിശടികൾക്കുനേരെയും ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത തരത്തിലുള്ള അക്രമങ്ങളാണ് അവിടെ അരങ്ങേറിയത്. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധിയിലെ മൂർക്കനാട് എന്ന സ്ഥലത്ത് സെന്റ് ആന്റണീസ് പള്ളിക്കു സമീപം 750 മീറ്റർ അകലെ മൂർക്കനാട് ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നു. കൊച്ചിൻ ദേവസ്വം ബോർഡ് വക ആലുംപറമ്പ് എന്ന സ്ഥലത്ത് പള്ളിയുടെ മുൻഭാഗത്തുകൂടെയാണ് റോഡ് കടന്നുപോകുന്നത്. കഴിഞ്ഞ 30 വർഷമായി ഈ റോഡിലൂടെ സാധാരണഗതിയിലുള്ള വാഹനഗതാഗതം നടന്നുവരുന്നു. എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ നടത്തിവരാറുള്ള മൂർക്കനാട് പള്ളിത്തിരുന്നാൾ ഉൽസവത്തോടനുബന്ധിച്ചുള്ള പ്രദക്ഷിണം ഈ റോഡിലൂടെയാണ് പള്ളിയിൽ കടക്കുന്നത്. 2009 വരെ പള്ളിത്തിരുന്നാൾ ഘോഷയാത്ര ഈ റോഡിലൂടെ നടത്തുന്നതിന് എതിർപ്പുകൾ ഉണ്ടായിരുന്നില്ല. എന്നാൽ 2010 വർഷത്തിൽ ക്ഷേത്ര സമിതിക്കാരും ഹിന്ദു സംഘടനകളും ഈ റോഡിലൂടെ പള്ളി ഘോഷയാത്ര നടത്തുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചുതുടങ്ങിയതിനെ തുടർന്ന്

പള്ളി കമ്മിറ്റിക്കാരുടെ അപേക്ഷ പ്രകാരം 2011 മുതൽ 2013 വരെ പോലീസ് സംരക്ഷണത്തിലാണ് പള്ളിത്തിരുന്നാൾ പ്രദക്ഷിണ ഘോഷ യാത്ര നടത്തി വന്നത്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ അനുമതി വാങ്ങാതെ ഈ റോഡിലൂടെ ഘോഷയാത്ര നടത്താൻ പാടില്ല എന്ന് പറഞ്ഞാ യിരുന്നു ഹിന്ദു സംഘടനകൾ എതിർത്തത്. 26.04.2014 ൽ സെന്റ് ആന്റ ണീസ് പള്ളിയിലെ അമ്പ് പ്രദക്ഷിണം ഈ റോഡിലൂടെ കടന്നുപോയ സമയത്ത് ഹിന്ദു ഐക്യവേദിയുടെയും ആർ.എസ്.എസ്. ന്റെയും പ്രവർത്ത കർ റോഡിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാൻ ശ്രമിക്കുകയും പോലീസ് ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി ശ്രീ. കെ. പി. ഹരിദാസുൾപ്പെടെ 25 പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കുകയുമുണ്ടായി. അതുകൊണ്ടാണ് അവിടെ വർഗ്ഗീയ സംഘർഷം ഒഴിവായത്. അവരുടെ പേരിൽ സെക്ഷൻ 143, 145, 147, 153 (എ), 158, 353, 566, 149 ഐ.പി.സി ആയി കേസ് രജിസ്റ്റർ ചെയ്തു. അറസ്റ്റ് ചെയ്തവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ട് ആർ.എസ്. എസ്., ബി.ജെ.പി പ്രവർത്തകർ റോഡിൽ കുത്തിയിരുന്ന് മാർഗ്ഗതടസ്സം ഉണ്ടാ ക്കി. അവരെ നീക്കം ചെയ്യുന്നതിന് പോലീസ് ശക്തമായ നടപടി സ്വീകരിച്ചു. ബഹുമാനപ്പെട്ട മെമ്പർ ആരെയും അറസ്റ്റ് ചെയ്തില്ലെന്നു പറഞ്ഞത് ശരിയല്ല. ആ സ്ഥലത്ത് സംഘർഷാവസ്ഥയുണ്ടായിരുന്നു. അകാരണമായി പള്ളി യിലെ അമ്പ് പ്രദക്ഷിണം തടഞ്ഞത് ആർ.എസ്.എസ്. ന്റെയും വിശ്വഹിന്ദു പരിഷിത്തിന്റെയും ആളുകളാണ്. ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത നടപടിയാണ് അത്. 11 കേസുകൾ രജിസ്റ്റർ ചെയ്തു. 5 കേസുകളിൽ പ്രതി കളെ അറസ്റ്റ് ചെയ്തു കഴിഞ്ഞു. ഇവർ ഹിന്ദു ഐക്യവേദി പ്രവർത്തകരാ

ണ്. മറ്റ് കേസിലെ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നു വരികയാണ്.

അങ്ങ് ഇവിടെ സൂചിപ്പിച്ചപോലെ ഇരിങ്ങാലക്കുട പോലീസ് സബ് ഇൻസ്പെക്ടർ ജിജോയും സഹോദരൻ മലക്കപ്പാറ പോലീസ് സ്റ്റേഷൻ ഗ്രേഡ് സീനിയർ സിവിൽ ഓഫീസറായ **ലിജോയും** കുടുംബവും താമസിക്കുന്ന അതിരപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ വെറ്റിലപ്പാറയുള്ള വീടിന് മുൻവശത്ത് പോർച്ചിൽ സൂക്ഷിച്ചിരുന്ന മോട്ടോർ സൈക്കിൾ ആരോ പെട്രോൾ ഒഴിച്ച് തീ വയ്ക്കുകയുണ്ടായി. ഇതുവരെ പ്രതികളെ പിടികിട്ടിയിട്ടില്ല. പോലീസ് ഊർജ്ജിതമായി അന്വേഷിക്കുകയാണ്. ക്രൈം 723/14 u/s 447,435,427,308 ഐ.പി.സി. സെക്ഷൻ 3 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കപ്പെടുന്നത്. ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഫിംഗർ പ്രിന്റ് വിദഗ്ദ്ധൻമാർ, ഡോഗ് സ്ക്വാഡ്, സയന്റിഫിക് എക്സ്പെർട്ട്സ് തുടങ്ങിയ ആധുനിക രീതിയിൽ കുറ്റാന്വേഷണം തെളിയിക്കത്തക്ക രീതിയിലുള്ള എല്ലാ പോലീസ് സംവിധാനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ തുടർന്നും ഇത്തരം സംഘർഷം ആവർത്തിക്കാതിരിക്കാനുള്ള നടപടിയും പോലീസ് സ്വീകരിച്ചിട്ടുണ്ട്.

**(9) പയ്യന്നൂർ തെക്കേമണ്ഡലത്തെ അബ്ദുൾ ഹക്കീമിന്റെ കൊലപാതകം**

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ മണ്ഡലത്തിൽ അടുത്തകാലത്ത് നടന്ന ഒരു കൊലപാതകവുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധ

യിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പയ്യന്നൂർ തെക്കേമണ്ഡലത്ത്  അബ്ദുൾ ഹക്കീം, 45 വയസ്സ് കൊല്ലപ്പെട്ടിട്ട് ഇന്നേയ്ക്ക് 4 മാസം തികയുകയാണ്. പയ്യന്നൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള കൊറ്റി ജുമാ മസ്ജിദിലെ പണം പിരിവ് ജീവനക്കാരനായിരുന്നു അബ്ദുൾ ഹക്കീം. ഫെബ്രുവരി 9-ന് സന്ധ്യയ്ക്ക് പള്ളിയിലെ ജനറൽബോഡി യോഗത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി വീട്ടിൽ നിന്ന് പോയതായിരുന്നു. അതിന്ശേഷം തിരിച്ച് വീട്ടിൽ എത്തിയില്ല. ഫെബ്രുവരി 10-ാം തീയതി അതിരാവിലെ ജുമാ മസ്ജിദിന് സമീപത്ത് പെട്രോളും വിറകുമെല്ലാം ചേർത്ത് കത്തിച്ച നിലയിൽ അബ്ദുൾ ഹക്കീമിന്റെ മൃതശരീരത്തിന്റെ അവശിഷ്ടങ്ങൾ   കണ്ടെത്തുകയായിരുന്നു. നാടിനെ നടുക്കിയ അറുംകൊല നടന്നിട്ട് 4 മാസമായിട്ടും കേസന്വേഷണം എവിടെയും എത്തിയില്ല. ഇതിൽ വ്യാപകമായ പ്രതിഷേധവും അമർഷവും ജനങ്ങൾക്കിടയിൽ വളർന്നു വന്നിരിക്കുകയാണ്.  വിവിധ രാഷ്ട്രീയ പാർട്ടികളുടെയും ആക്ഷൻ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ 4 തവണ  പയ്യന്നൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ചും ധർണ്ണയും നടക്കുകയുണ്ടായി.  കൊലചെയ്യപ്പെട്ട അബ്ദുൾ ഹക്കീമിന്റെ കൊലയാളികളെ കണ്ടെത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.  നിർധന കുടുംബത്തിൽപ്പെട്ട ഹക്കീമിന്റെ ഭാര്യയും വിദ്യാർത്ഥിയായ  ഏക മകനും ഇന്ന് നിരാലംബരാണ്. ആ കുടുംബത്തെ സഹായിക്കാനുള്ള നടപടിയും ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കൃഷ്ണൻ ഇവിടെ സൂചിപ്പിച്ച സംഭവം പയ്യന്നൂരിൽ ഒരു വലിയ പ്രശ്നമായി തന്നെ ഉയർന്നു വന്നിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും, എൽ.ഡി.എഫും, യു.ഡി.എഫും ഈ ആവശ്യ മുന്നയിച്ച് എന്നെ സമീപിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ തന്നെ നിവേദനം നൽകിയതുമാണ്. പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കൊറ്റിയിൽ ജുമാ മസ്ജിദിലെ ജോലിക്കാരനായിരുന്ന ദാമോദരൻ എന്ന അബ്ദുൾ ഹക്കീമിന്റെ (45 വയസ്സ്) മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ 10.02.2014 ൽ രാവിലെ 6.45 മണിയോടെ പള്ളിയുടെ കീഴിലുള്ള മഹനൂൽ ഉൽ മദ്രസയുടെ പിൻവശത്ത് കാണപ്പെട്ടു. 09.02.2014 ൽ മദ്രസയിൽ വച്ചു ചേർന്ന പള്ളി ജന റൽ ബോഡി യോഗത്തിൽ പങ്കെടുത്ത ശേഷം പള്ളിയിൽ നിന്നും 11 മണി യോടെ വീട്ടിലേക്ക് പോയി എങ്കിലും അബ്ദുൾ ഹക്കീം വീട്ടിൽ എത്തിയിരു ന്നില്ല. 10.2.2014 ന് രാവിലെ 6.45-ഓടു കൂടി മദ്രസയിൽ ക്ലാസെടുക്കാൻ വന്ന അദ്ധ്യാപകൻ മദ്രസ കെട്ടിടത്തിന്റെ പിൻഭാഗത്തു നിന്നും പുക ഉയരു ന്നത് കണ്ട് സ്ഥലത്ത് പോയി നോക്കിയപ്പോൾ കത്തിക്കരിഞ്ഞ ഒരു മൃതദേ ഹവും അതിന് സമീപത്ത് അബ്ദുൾ ഹക്കീമിന്റെ ഷർട്ടും ബനിയനും പേഴ്സും മൊബൈൽ ഫോണും കണ്ട് വിവരം അറിയിച്ചതിനെ തുടർന്നാണ് അബ്ദുൾ ഹക്കീമിന്റെ കുടുംബാംഗങ്ങളും ബന്ധുക്കളും സ്ഥലത്തെത്തി മരി ച്ചത് അബ്ദുൾ ഹക്കീമാണെന്ന പ്രാഥമികമായ നിഗമനത്തിലെത്തുകയുണ്ടാ യത്. അബ്ദുൾ ഹക്കീമിന്റെ സഹോദരൻ ശ്രീ. പി. വി. ഭാസ്ക്കരന്റെ മൊഴി പ്രകാരമാണ് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ 142/14/യു.എസ്.174/സി.ആർ. പി.സി. ആയി കേസ് രജിസ്റ്റർ ചെയ്യുന്നത്. മരണകാരണത്തിൽ അദ്ദേഹ

ത്തിന്റെ സഹോദരൻ ഭാസ്ക്കരൻ സംശയം പ്രകടിപ്പിച്ചതിനാൽ പോലീസ് ഇൻസ്പെക്ടർ അന്വേഷണം ഏറ്റെടുത്തു. അന്വേഷണം ഊർജ്ജിതമായി നട ത്തുന്നുണ്ട്. സയന്റിഫിക് അസിസ്റ്റന്റ്, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങ ളുടെ സേവനം ഉപയോഗപ്പെടുത്തി കേസന്വേഷണം നടന്നുകൊണ്ടിരിക്കുക യാണ്. അബ്ദുൾ ഹക്കീമിന്റെ പേഴ്സും, മൊബൈൽ ഫോണും, വസ്ത്ര ങ്ങളും കണ്ടതിനെ തുടർന്നാണ് മൃതദേഹം അബ്ദുൾ ഹക്കീമിന്റേതാണെന്ന് മനസ്സിലാക്കിയത്. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയ ശേഷം മരണകാ രണം തിട്ടപ്പെടുത്തുന്നതിനായി ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് റിക്വസി ഷൻ സഹിതം മൃതദേഹം പോസ്റ്റ്മോർട്ടത്തിന് മെഡിക്കൽകോളേജിൽ അയച്ച് പോസ്റ്റ്മോർട്ടം ചെയ്തു. തലയുടെ വലതുഭാഗത്ത് അടിയേറ്റ് തല യോട്ടി പൊട്ടി ഗുരുതരമായി പരിക്കേറ്റാണ് മരിച്ചതെന്നാണ് റിപ്പോർട്ടിലുള്ളത്. തളിപ്പറമ്പ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരി കയാണ്. മൊബൈൽ ടവറിൽ നിന്നും 09.02.2014 രാത്രി 8 മണി മുതൽ 10.02.2014 വരെ ആരെയൊക്കെ വിളിച്ചു എന്നറിയുന്നതിനുള്ള കാൾ ഡീറ്റെ യിൽസ് എടുക്കുന്നുണ്ട്. അന്വേഷണം നടക്കുന്നുണ്ടെങ്കിലും ഇതുവരെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെയും എല്ലാം രാഷ്ട്രീയ പാർട്ടികളുടെയും ആവശ്യം പരിഗണിച്ചുകൊണ്ട് ലോക്കൽ പോലീസിന്റെ അന്വേഷണം ഇതുവരെ എങ്ങും എത്താത്ത സാഹചര്യത്തിൽ കേസ് ക്രൈംബ്രാഞ്ചിന് വിട്ടുകൊടുക്കുകയാണെന്ന് അറിയിക്കുകയാണ്.

(10) കാർ പാർക്കിംഗ് ഫീസ് ഈടാക്കിയ യുവാവിനെ മർദ്ദിച്ച സംഭവം

ശ്രീ. ജി. സുധാകരൻ: സർ, അടിയന്തരപ്രമേയ ചർച്ചയിൽ ഇവിടെ പരാമർശിക്കപ്പെട്ട ആലപ്പുഴ പോലീസ് സ്റ്റേഷനിലെ ക്രൂരമായ മർദ്ദനത്തെപ്പറ്റിയാണ് ഞാൻ ഇവിടെ ചുരുക്കത്തിൽ ഉന്നയിക്കുന്നത്. പ്ലസ്ടുവിന് പഠിക്കാനായി ഒരു തൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കാൻ അരുൺ കുമാർ എന്ന 17 വയസ്സുകാരൻ പാർക്കിംഗിന്റെ കോൺട്രാക്ട് പിടിച്ച ഒരാളെ സഹായിക്കുന്ന ജോലിയാണ് ചെയ്തിരുന്നത്. ഒന്നാം തീയതി ജസീന്ത എന്ന പറയുന്ന വനിതാ കോൺസ്റ്റബിളിന്റെ ഭർത്താവിന് ഇദ്ദേഹം ടിക്കറ്റ് അടിച്ചുകൊടുത്തു. പോലീസ് കോൺസ്റ്റബിളിന്റെ ഭർത്താവിന് ടിക്കറ്റ് കൊടുക്കാൻ പാടില്ല എന്ന് പറഞ്ഞ് ആറാം തീയതി മൂന്നു മണിക്കു ശേഷം സൗത്ത് പോലീസ് സ്റ്റേഷനിലേയ്ക്ക് ഇദ്ദേഹത്തെ ആലപ്പുഴയിലെ മൂന്നു പോലീസുകാർ പിടിച്ചുകൊണ്ടുപോയി. വൈകുന്നേരം ജസീന്ത തന്നെ അവരുടെ മകന്റെ പ്രായമുള്ള ഈ കുട്ടിയെ ക്രൂരമായി മർദ്ദിച്ചു. എ.എസ്.ഐ. കൃഷ്ണകുമാറും തുടർന്ന് പല പോലീസുകാരും മർദ്ദിച്ച ഭീകരസംഭവമുണ്ടായി. മാധ്യമങ്ങളെല്ലാം ഈ വിഷയം മുന്നോട്ടു കൊണ്ടുവന്നു. അപ്പോൾ തന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് രക്ഷകർത്താക്കൾ ഫാക്സയച്ചപ്പോൾ അദ്ദേഹം ഡൽഹിയിൽ നിന്നും വരികയായിരുന്നു. എനിക്കും പരാതി നൽകി. ഞാൻ അദ്ദേഹത്തിന്റെ ഓഫീസിലും എസ്.പി.-ക്കും പരാതി കൊടുത്തു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെ ഞാൻ വിളിച്ചപ്പോൾ അദ്ദേഹം ഫ്ളൈറ്റിലായിരുന്നതുകൊണ്ട് ഫോൺ ഓഫായിരുന്നു. ടി.വി. യിലെ വാർത്ത കണ്ടിട്ട് ശ്രീ. വി. എം. സുധീരൻ എന്നെ വിളിച്ചു, അദ്ദേഹം വിമാനത്താവളത്തിൽ ഫ്ളൈറ്റിന് വേണ്ടി നിൽക്കുകയായിരുന്നു. തിരിച്ചുവന്നയുടൻ തന്നെ ശ്രീ. രമേശ് ചെന്നിത്തല എന്നെ വിളിക്കുകയും ഞാൻ കാര്യം പറയുകയും ചെയ്തു. ഏതായാലും അന്ന്

രാത്രി 9.00 മണിക്ക് മുമ്പ് തന്നെ എ.എസ്.ഐ. കൃഷ്ണകുമാറിനെയും ഹെഡ് കോൺസ്റ്റബിളായ ജസീന്തയെയും സസ്പെന്റ് ചെയ്തു. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഞാൻ അത് സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ട് മാത്രം നിർത്താൻ സാധിക്കില്ല. ഒരു മാസത്തിനുള്ളിൽ ആ പോലീസ് സ്റ്റേഷനിൽ നടക്കുന്ന മൂന്നാമത്തെ സംഭവമാണിത്. കനാൽക്കരയിൽ വൈകുന്നേരം വിശ്രമിക്കുകയായിരുന്ന അഭിഭാഷക ദമ്പതികളെ പിടിച്ചുകൊണ്ടുപോയി അപമാനിച്ചു. അവിടെയുള്ള ഇർഷാദ് പള്ളിയുടെ ചെയർമാൻ മുഹമ്മദലിയെ രാത്രി വീട് ചവിട്ടിപ്പൊളിച്ച് എസ്.ഐ.-യും കൂട്ടരും അറസ്റ്റ് ചെയ്ത് ഉപദ്രവിച്ചു. പോലീസ് സ്റ്റേഷനിൽ ഞാനടക്കമുള്ളവർ സമരം നടത്തി. നടപടിയെടുക്കാമെന്ന് ഡി.വൈ.എസ്.പി. പറഞ്ഞു. പക്ഷേ നടപടിയൊന്നുമുണ്ടായില്ല. അവിടെ തന്നെ നടന്ന ഒരു സംഭവമാണ്, കായംകുളത്ത് എസ്.എഫ്.ഐ.-യുടെ ഒരു പ്രവർത്തകനെ അറസ്റ്റ് ചെയ്ത് വെള്ളം പോലും കൊടുക്കാതെ ഭയങ്കരമായി മർദ്ദിച്ചു. അവിടത്തെ എം.എൽ.എ. അടക്കം അവിടെ സത്യാഗ്രഹം നടത്തി. മണ്ണഞ്ചേരിയിൽ വസ്തുതർക്കം ചർച്ച ചെയ്യാൻ വിളിച്ചുകൊണ്ടു പോയ ഒരു അമ്മയേയും മകൻ അൻസാരിയേയും ഭീകരമായി മർദ്ദിച്ചു. ആ പ്രശ്നങ്ങൾ തൽക്കാലം അവിടെ അവസാനിച്ചെങ്കിലും നീതിന്യായ വ്യവസ്ഥയെ ബഹുമാനിക്കുന്നവരുടെ അഭിപ്രായത്തിൽ ഇതിനെക്കുറിച്ച് അന്വേഷിച്ച് ഇവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടണമെന്നതാണ്. അവർക്ക് അവിടെയിരിക്കാൻ യാതൊരു അർഹതയുമില്ല. കൊല്ലക്കുടിയിൽ സൂചി വിൽക്കരുതെന്ന് ഞാൻ ഈ സഭയിൽ പറയുകയാണ്. “A Policeman is a Citizen in uniform and a Citizen is a Policeman without uniform” - ഡൽഹിയിലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ

എഴുതിവച്ചിട്ടുണ്ട്. രണ്ടുപേരും പൗരന്മാരാണ്. ഒരാൾ ജീവിക്കാൻ വേണ്ടി തൊഴിലെടുക്കുന്നു, മറ്റൊരാൾ ജീവിക്കാൻ തൊഴിലെടുക്കുന്നു. പോലീസുകാർക്ക് യൂണിഫോമിട്ടു കഴിഞ്ഞാൽ ഇവരെ മർദ്ദിക്കാൻ അവകാശമില്ല. തിരിച്ച് യൂണിഫോമിട്ട പോലീസുകാരൻ നിയമം നടപ്പിലാക്കി കുട്ടിയെ മർദ്ദിച്ചതിന് ഈ യൂണിഫോമിട്ട പോലീസുകാരനെ മർദ്ദിക്കാൻ പൗരന്മാർക്ക് അവകാശമുണ്ടോ? ഇല്ല. അതുകൊണ്ട് ഞങ്ങൾ അത് ചെയ്യുന്നില്ല. കർശനമായി ഇവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 01.06.2014-ൽ ആലപ്പുഴ ബീച്ചിൽ പട്രോളിംഗ് ഡ്യൂട്ടിക്കായി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ നിന്നും വൈകിട്ട് നാലു മണിക്ക് ഗ്രേഡ് എസ്.ഐ. കൃഷ്ണകുമാർ, എ.എസ്.ഐ. പ്രതാപൻ, സി.പി.ഒ. വിൻസെന്റ്, വനിതാ സി.പി.ഒ. ജസീന്ത എന്നിവരെ നിയോഗിച്ചിരുന്നു. താങ്കൾ പറഞ്ഞത് ശരിയാണ്, ടിക്കറ്റ് എടുക്കുന്നതുമായി ബന്ധപ്പെട്ട് പാർക്കിംഗിൽ ടിക്കറ്റ് ഫീസ് ഈടാക്കിയതിനെ തുടർന്ന്......., പോലീസ് ഉദ്യോഗസ്ഥന്മാരിൽ നിന്ന് പാർക്കിംഗ് ഫീസ് ഈടാക്കുന്നത് ശരിയല്ല എന്ന് പറഞ്ഞ് വാക്കുതർക്കമുണ്ടായി.

ആലപ്പുഴ തുമ്പോളി മംഗലത്തുപുരയിടം വീട്ടിൽ ഹംസ മകൾ സബിദയെ മേൽപ്പറഞ്ഞ അരുൺകുമാറും ജോമോനും ജിഷ്ണുവും ചേർന്ന് ഫോണിൽ അശ്ലീലം പറഞ്ഞതിന് അരുൺകുമാറിനെയും ജോമോനെയും 06.06.2014-ന് സബിദയുടെ സഹോദരനും നാട്ടുകാരും ചേർന്ന് ബീച്ചിൽ തടഞ്ഞുവച്ച് പോലീസ് സ്റ്റേഷനിൽ അറിയിച്ചതിനനുസരിച്ച് പകൽ 3 മണി

യോടെ പോലീസ് ഫ്ളൈയിംഗ് സ്ക്വാഡ് III-ലെ ഡ്യൂട്ടിക്കാരായ ഗ്രേഡ് എസ്.ഐ. ശ്രീ. ജോഷി സ്റ്റീഫനും രണ്ടു സി.പി.ഒ.-മാരും ചേർന്ന് പോലീസ് സ്റ്റേഷനിൽ ഹാജരാക്കി. ഇവരോടൊപ്പം കുറ്റകൃത്യത്തിൽ ഏർപ്പെട്ട ജിഷ്ണുവിനെ ഫോണിൽ വിളിച്ച് സ്റ്റേഷനിലേയ്ക്ക് വരുത്തി. തുടർന്ന് സബിദയുടെയും സഹോദരൻ സബീറിന്റെയും പരാതി പ്രകാരം അരുൺകുമാറിനെയും ജോമോനെയും ജിഷ്ണുവിനെയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തു. ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ അന്നേ ദിവസം രാത്രി 8 മണിക്ക് മൂന്നുപേരെയും സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. സ്റ്റേഷനിൽ നിന്നുപോയ അരുൺകുമാർ പോലീസ് ദേഹോപദ്രവം ഏൽപ്പിച്ചു വെന്ന് പറഞ്ഞ് ആലപ്പുഴയിൽ ചികിത്സ തേടി. ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ അവിടെ ചെല്ലുകയും അദ്ദേഹം ഈ വസ്തുതകൾ പരിശോ ധിച്ചശേഷം എന്നെ വിളിച്ചെങ്കിലും എന്നെ ഫോണിൽ കിട്ടിയില്ല. ടി.വി. യിൽ വാർത്ത വന്നപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീ രനും എന്നെ ഫോണിൽ വിളിച്ചു. ഞാൻ തിരുവനന്തപുരം എയർപോർട്ടിൽ ഇറങ്ങിയപ്പോൾ തന്നെ ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരനെ വിളി ച്ചു. അദ്ദേഹം എനിക്ക് പരാതി ഫാക്സ് ചെയ്തിരുന്നു. ഞാൻ അപ്പോൾ തന്നെ ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഇത് അന്വേഷിക്കാൻ പറഞ്ഞു. പോലീസ് സൂപ്രണ്ട് അത് അന്വേഷിച്ച് അന്ന് രാത്രി 10 മണിക്ക് തന്നെ എ.എ സ്.ഐ. കൃഷ്ണകുമാറിനെയും വനിതാ പോലീസ് ഉദ്യോഗസ്ഥയായ ജസീ ന്തയെയും സസ്പെന്റ് ചെയ്യുകയുണ്ടായി. എസ്.പി.-യുടെ അന്വേഷണ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇതിനെപ്പറ്റി വിശദമായി അന്വേഷിക്കാനും ആവശ്യ പ്പെട്ടിട്ടുണ്ട്. അദ്ദേഹം മറ്റൊരു കാര്യം കൂടി ഇവിടെപ്പറഞ്ഞു. ആലപ്പുഴ

ബീച്ചിലെ സിമെന്റ് ബെഞ്ചിൽ യുവതിയും പുരുഷനും സ്നേഹപ്രകടനം നടത്തുന്നതായി ഫോൺ സന്ദേശം ലഭിച്ചതനുസരിച്ച് ആലപ്പുഴ പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസുകാരെത്തി അവരെ ചോദ്യം ചെയ്തപ്പോൾ അവർ ഭാര്യയും ഭർത്താവുമാണെന്ന് മനസ്സിലാക്കിയശേഷം അവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നത് തെറ്റാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണവിധേയമായി ബാലചന്ദ്രൻ നായർ എന്ന ഗ്രേഡ് എസ്.ഐ. യെയും ഒരു ഡബ്ല്യൂ.സി.പി.ഒ. അടക്കം മൂന്നു സി.പി.ഒ.-മാരെ സ്ഥലം മാറ്റുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പോലീസ് ഉദ്യോഗസ്ഥന്മാർ ആളുകളോട് മര്യാദയായി പെരുമാറണം. അനാവശ്യമായി ആളുകളുടെ സ്വാതന്ത്ര്യത്തിൽ കടന്നുകയറുകയും അവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ നയമല്ല. പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുണ്ടാകുന്ന സംഭവങ്ങളിൽ നിയമവിരുദ്ധമായ നടപടികൾ പോലീസ് ഉദ്യോഗസ്ഥന്മാർ എടുത്താൽ അത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയാൽ കർശനമായ നടപടികൾ സ്വീകരിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പു നൽകുകയാണ്.

(11) <u>നിർമ്മാണാവശ്യത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാര തുക നൽകൽ</u>

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പനവൂർ, നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ്. 2008-ൽ തുടങ്ങിയതാണ്, ആറുവർഷം കഴിഞ്ഞിരിക്കുന്നു.

നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ അനാസ്ഥയാണ് ഇതിന് കാരണം. കല്ലറ, മിതൃമ്മല, മുതുകുളം, പരപ്പിൽ, ചെല്ലഞ്ചി, ചേപ്പിലോട്, പേരയം, താന്നിമൂട്, നന്ദിയോട് പ്രദേശങ്ങളിലെ പതിനായിരക്കണക്കിനാളുകളുടെ ചിരകാല അഭിലാഷമായ പ്രസ്തുത പാലം സാക്ഷാത്ക്കരിക്കുന്നതിനായി നാട്ടുകാർ യാതൊരു സമ്മർദ്ദവും കൂടാതെ അവരുടെ കൃഷി ഭൂമി പാല നിർമ്മാണത്തിനായി വിട്ടുനൽകി. 185.127 സെന്റ് ഭൂമി പാലോട് വില്ലേജിൽ നിന്നും 160.178 സെന്റ് ഭൂമി കല്ലറ വില്ലേജിൽ നിന്നും ഏറ്റെടുക്കുന്നതിനാണ് 23.04.2010–ലെ ജി.ഒ.(ആർ.ടി.) നമ്പർ 680/10/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുള്ളത്. 2012 ഏപ്രിൽ 25–ന് LA2-429/2009 നമ്പരായി ഇതിന്റെ ഗസറ്റ് നോട്ടിഫിക്കേഷനും ഇറങ്ങി. എന്നാൽ നാളിതുവരെ വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകാൻ സാധിച്ചിട്ടില്ല എന്നതാണ് വസ്തുത. ചെല്ലഞ്ചി പാലത്തിനാവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ വേണ്ടി വരുന്ന തുക 5054–80–800–65 എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിൽ നിന്നും വിനിയോഗിക്കാമെന്നും 27.07.2012–ലെ ബഡ്ജറ്റ് വിഭാഗം ഉപവകുപ്പ് 59469 നമ്പരായി 1/12 നമ്പർ കത്തു മുഖാന്തിരം ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നെ അറിയിച്ചിട്ടുള്ളതുമാണ്. ഈ വിഷയം പലതവണ പല രൂപത്തിൽ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഫലമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ വിഷയം പരിഹരിക്കുന്നതിന് സന്മനസ്സ് കാണിക്കുകയും അനുകൂല സമീപനം സ്വീകരിച്ച് 21.05.2014–ലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും വരുന്ന സ്റ്റേറ്റ് ലെവൽ

സ്ക്രീനിംഗ് ആന്റ് സാങ്ഷനിംഗ് കമ്മിറ്റിയിൽ ആവശ്യമായ തുകയ്ക്കുള്ള അംഗീകാരം നൽകണമെന്ന് ഉദ്യോഗസ്ഥന്മാർ അഭിപ്രായപ്പെട്ടതുമാണ്. ആയതിനാൽ ഇനിയും ഇക്കാര്യത്തിൽ കാലതാമസമുണ്ടാകാതെ അടുത്ത എസ്.എൽ.എസ്.എസ്.സി.-യിൽ ഈ വിഷയം പരിഗണിക്കുന്നതിനും ഇപ്പോൾ സമരമുഖത്തുള്ള വസ്തു ഉടമകൾക്ക് എത്രയും വേഗം നഷ്ടപരിഹാരം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പാലോട് വില്ലേജിൽ നിന്നും 65.8 ആർ ഭൂമിയും കല്ലറ വില്ലേജിൽ നിന്നും 58.81 ആർ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഭൂവുടമകളുമായി ജില്ലാതല പർച്ചേസ് കമ്മിറ്റി സ്ഥലവില സംബന്ധിച്ച് ചർച്ച നടത്തുകയും പ്രസ്തുത സ്ഥലവിലയ്ക്ക് അംഗീകാരം ലഭിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കമ്മിറ്റി പ്രസ്തുത ശുപാർശ അംഗീകരിക്കാതെ മാറ്റി വയ്ക്കുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് സ്ഥലമെടുപ്പിന്റെ പുരോഗതി സംബന്ധിച്ച് 21.05.2014-ൽ ഞാൻ തന്നെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. കൂടുതലായി ആവശ്യമുള്ള വിശദാംശങ്ങൾ അടിയന്തിരമായി ബന്ധപ്പെട്ട ഉദ്യോഗ

സ്ഥന്മാർ നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുകയും ആ വിശദാംശങ്ങൾ നൽകി എത്രയും വേഗത്തിൽ നടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## (12) ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട വിഷയമാണ് ഭൂപ്രശ്നങ്ങൾ. ആ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ധാരാളം ചർച്ചകൾ നടക്കുന്നുണ്ട്. പട്ടയ വിതരണമുൾപ്പെടെ അതിനനുസൃതമായിട്ടുള്ള കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിൽ വന്നിട്ടുള്ള കാലവിളംബമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ 2005-ലും 2009-ലും വരുത്തിയ ഭേദഗതികൾ റദ്ദ് ചെയ്യണമെന്നുള്ളത് മലയോര കർഷകരുടെ നിരന്തരമായ ആവശ്യമായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലയിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തതിന്റെയടിസ്ഥാനത്തിൽ 1.1.1977-ന് മുമ്പ് കുടിയേറിയ കർഷകർക്ക് 1964-ലെ റൂൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ 2005-ലെയും 2009-ലെയും ഭേദഗതികളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. നാലേക്കർ വരെയുള്ള ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള വ്യവസ്ഥ ഈ ദേഭഗതിയിലൂടെ ലഭ്യമായിട്ടുണ്ടെങ്കിലും പട്ടയ നടപടികൾ പൂർത്തീകരിച്ച് കൊടുക്കാൻ കഴിയുന്നില്ലെന്ന ആശങ്ക ജില്ലയിലെ കർഷകർക്കുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ കഴിയുന്നില്ല. ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന പ്രദേശമാണ് ഇടുക്കി ജില്ല. കസ്തൂരി രംഗൻ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകൾ ഒരുവ

ശത്തും മുല്ലപ്പെിയാറുമായി ബന്ധപ്പെട്ട വിഷയം മറുവശത്തുമായി നിൽക്കുകയാണ്. അതോടൊപ്പം കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയത്തിനുവേണ്ടി ആഗ്രഹിക്കുന്ന കർഷകരുടെ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനാലായിരത്തിലധികം ആളുകൾക്ക് പട്ടയം കൊടുത്തുവെന്നുള്ളത് ഏറെ സ്വാഗതാർഹമാണെങ്കിലും ഇത്തരം വിഷയങ്ങളിൽ കുറേക്കൂടി സജീവമായ ശ്രദ്ധയുണ്ടാകണം. പെരിഞ്ചാങ്കുട്ടി ഉൾപ്പെടെയുള്ള പദ്ധതി പ്രദേശങ്ങളിൽ പട്ടയ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം **പത്ത്ജെയിൻ** പ്രദേശത്ത് ഇതനുസരിച്ച് കൈവശഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളതാണ്. എന്നിട്ടും എന്തുകൊണ്ടാണ് പട്ടയം കൊടുക്കുന്നതിനുള്ള കാലതാമസം നേരിടുന്നത്? നമുക്കാവശ്യമായ ഉദ്യോഗസ്ഥന്മാരുടെ പോരായ്മയുണ്ടെന്നുള്ള കാര്യം മനസ്സിലാക്കുന്നുണ്ട്. അതോടൊപ്പം ജില്ലാ കളക്ടറേറ്റ് സ്ഥിതി ചെയ്യുന്ന ഇടുക്കി ആസ്ഥാനമായ വാഴത്തോപ്പ് പഞ്ചായത്തിൽ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ കളക്ടറേറ്റിരിക്കുന്ന സ്ഥലത്തുപോലും പട്ടയവുമായി ബന്ധപ്പെട്ട തർക്കങ്ങളും തടസ്സങ്ങളും നിലനിൽക്കുകയാണ്. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഇത് ജില്ലയുടെ പൊതു വിഷയമായി കണക്കാക്കണം. അതുപോലെ ഇനിയും പട്ടയത്തിനുള്ള അപേക്ഷ സ്വീകരിക്കേണ്ടതായിട്ടുണ്ട്. 1.1.1977-ന് മുമ്പ് കൈവശമിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിക്കാത്തവർക്ക് പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അനുമതിയും സർക്കാരിൽ നിന്നുണ്ടാകുമെന്ന പ്രതീക്ഷയുണ്ട്. അതനുസരിച്ച് ഈ പ്രശ്നങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് നട

പടി സ്വീകരിക്കുമെന്ന് ഇന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു. ഇനിയൊരു അനൗൺസ്മെന്റിനേക്കാളുപരി പട്ടയം എന്ന് കൊടുക്കുമെന്ന് പറയാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അതനുസരിച്ച് ജനങ്ങളുടെ ആഗ്രഹം സഫലീകരിക്കാൻ ഈ സഭയും ഗവൺമെന്റും തയ്യാറാകണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 13,493 പേർക്ക് പട്ടയവും 5,957 പേർക്ക് വനാവകാശ രേഖയും നൽകിയിട്ടുണ്ട്. മൊത്തത്തിൽ 19,450 പേർക്ക് പട്ടയവും വനാവകാശ രേഖയും നൽകി കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 6,245 പട്ടയം മാത്രമാണ് നൽകിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുത്തിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുൾപ്പെടെയുള്ള ആളുകളുടെ യോഗം വിളിച്ചുചേർത്ത കാര്യവും അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പല തീരുമാനങ്ങളെടുക്കുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോവുകയും ചെയ്തതാണ്. അന്ന് എടുത്ത ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്ന അവസരത്തിലാണ് ചില ആളുകൾ അതിനകത്ത് ഇടപെട്ടുകൊണ്ട് പട്ടയ വിതരണം തടസ്സപ്പെടുത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലേയ്ക്ക് മുന്നോട്ടുവന്നിട്ടുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്.

കെ.എസ്.ഇ.ബി. പദ്ധതിക്കുവേണ്ടി ഏറ്റെടുത്തതും എന്നാൽ പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ സ്ഥലമുൾപ്പെടെയുള്ള പ്രദേശത്തുള്ളവർക്ക് പട്ടയം നൽകാനുള്ള തീരുമാനം അന്ന് എടുത്തിരുന്നതാണ്. എല്ലാ കാര്യത്തിനും തടസ്സം സൃഷ്ടിച്ചവർ ഉണ്ടെങ്കിൽപ്പോലും ഇടുക്കി ജില്ലയിലെ ജനങ്ങളോടുള്ള പ്രതിബന്ധത ഈ ഗവൺമെന്റ് പ്രത്യേകമായി കാണുന്നുണ്ട്. പട്ടയം നൽകുന്നതിനാവശ്യമായ ചർച്ചകൾ നടത്തുകയും ആ ചർച്ചകളുടെ അടിസ്ഥാനത്തിൽ കർഷകർക്കനുകൂലമായ തീരുമാനങ്ങൾ എടുത്തതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള തീയതി തിരുമാനിക്കുകയും ചെയ്തതാണ്. 28.12.2013-ന് ബഹുമാന്യനായ മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് പട്ടയ വിതരണം നടത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും, അതിനുള്ള നടപടികൾ പൂർത്തീകരിച്ചുവന്നപ്പോൾ അതിനെ അട്ടിമറിക്കുന്നതിനുവേണ്ടി അന്ന് ചിലയാളുകൾ മുൻകൈയെടുത്തുകൊണ്ട് അവിടെ ഹർത്താലാചരിച്ചുകൊണ്ട് പട്ടയ വിതരണ നടപടികൾ തടസ്സപ്പെടുത്തുകയുമാണ് ചെയ്തത്. എന്നിരുന്നാൽപ്പോലും അത് ഒരുഭാഗത്ത് അങ്ങനെ നിൽക്കുന്നുണ്ടെങ്കിൽപ്പോലും ഇന്ന് യു.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇടുക്കിയിലെ കർഷക ജനങ്ങളോടുള്ള പ്രതിബന്ധത പൂർത്തീകരിക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ പട്ടയം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകുന്നതാണ്. ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ അടിയന്തരമായ തീരുമാനം സ്വീകരിക്കുന്നതാണ്.

(13) ആശവർക്കർമാരുടെ ഓണറേറിയം

ശ്രീ. എളമരം കരീം : സർ, ഓണറേറിയം കുടിശ്ശിക നൽകണമെന്നും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ പേരിൽ പിരിച്ചുവിടരുതെ

ന്നുമാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ ആശവർക്കേഴ്സ് ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തുകയാണ്. ഓണറേറിയം വർദ്ധിപ്പിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് തവണ ഇവിടെ പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇതുവരെയും വർദ്ധിപ്പിച്ച തുകയും കുടിശ്ശികയും ലഭിച്ചിട്ടില്ല. വളരെ ദയനീയമാണ് ആശവർക്കർമാരുടെ സ്ഥിതി. ധാരാളം ജോലികൾ അവരെക്കൊണ്ട് ചെയ്യിക്കുന്നുണ്ട്. ജനപ്രതിനിധികളായി മാറിയതുകൊണ്ട് അവരെ 'ആശ' പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കുന്ന നിലപാടിൽ നിന്ന് പിന്മാറണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. അതിനാൽ ഇക്കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കേരളത്തിൽ ആശാപദ്ധതി 2007 മുതലാണ് നടപ്പിലാക്കി വരുന്നത്. സമൂഹത്തിൽ പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കുവാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കുവാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. കേരളത്തിൽ 28,268 ആശാപ്രവർത്തകർ പ്രവർത്തിച്ചുവരുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൂലൈ 2011-ലെ ബഡ്ജറ്റിൽ ആശാപ്രവർത്തകരുടെ ഓണറേറിയം തുക 300 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിച്ചു. 2012-ൽ 600 രൂപയായും 2013-14-ൽ 700 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 900 രൂപയായി

വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വർദ്ധിപ്പിച്ച ഓണറേറിയം തുകയിൽ 2012–13-ലെ 600 രൂപയിൽ 100 രൂപ വീതവും 700 രൂപ വർദ്ധിപ്പിച്ചതിൽ ഒമ്പത് മാസത്തെ കുടിശ്ശിക തുകയും നൽകാനുണ്ട്. ഇത് കൊടുത്തുതീർക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയാണ്. ഇതിനായി ഇരുപത് കോടി എൺപത്തിയെട്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആ തുക ആശാപ്രവർത്തകർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം 26.08.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ ആശാപ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ആശാപ്രവർത്തകർ സർക്കാരിന് നിവേദനം നൽകുകയും പ്രസ്തുത നിവേദനം പരിശോധിച്ചുവരുന്ന സമയത്ത് ചില ആശാപ്രവർത്തകർ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി ഇക്കാര്യത്തിൽ താൽക്കാലിക സ്റ്റേ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ വിധിവരുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (14) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് തറക്കല്ലിടലിൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ ഉറങ്ങുന്ന ആളെ ഉണർത്തി ഊണില്ലെന്ന് പറയേണ്ടിയിരുന്നോയെന്ന് ആലോചിച്ച് പോവുകയാണ്. 2013 നവംബർ 30-ന് കാസർഗോഡ് നിയോജക മണ്ഡലത്തിലെ ബദിയഡുക്കയിലെ ഉക്കിനടുക്കയിൽ നടന്ന ചടങ്ങ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ഓർക്കുന്നുണ്ടാകും. ആ ചടങ്ങിൽ അങ്ങ് അദ്ധ്യക്ഷനായി

രുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം നടത്തിയത്. സൂര്യനുദിച്ചുവരുന്നതിനുമുമ്പുതന്നെ എങ്ങനെ ഇത്രയും ആളുകൾ ഗ്രാമപ്രദേശത്ത് തടിച്ചുകൂടിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് അത്ഭുതപ്പെട്ടിരുന്നു. കാസർഗോഡിലെ പാവം ജനത മെഡിക്കൽ കോളേജ് എന്ന ആശയം എത്രമാത്രം നെഞ്ചിലേറ്റുന്നുവെന്നതിന്റെ തെളിവായിരുന്നു ജനക്കൂട്ടം. ഇന്ന് കാസർഗോഡിലെ ജനങ്ങൾ നിരാശയിലാണ്. രണ്ട് ഘട്ടങ്ങളിലായി 282 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് കാസർഗോഡ് മെഡിക്കൽ കോളേജ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നത്. 500 കിടക്കകളുള്ള ആശുപത്രി, മെഡിക്കൽ കോളേജ്, സെൻട്രൽ ലൈബ്രറി, ജല വൈദ്യുത സംവിധാനം, പാർപ്പിടങ്ങൾ തുടങ്ങിയവ ഉൾപ്പെട്ടതാണ് മാസ്റ്റർ പ്ലാൻ. ഭാവി വികസനം മുന്നിൽ കണ്ടുകൊണ്ട് മെഡിസിറ്റിയും ആസൂത്രണം ചെയ്തിരുന്നു. രണ്ട് വർഷത്തിനകം കോളേജിന്റെ പ്രവർത്തനം ആരംഭിക്കുമെന്നാണ് തറക്കല്ലിടൽ ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയത്. പണിയെപ്പോൾ തുടങ്ങുമെന്ന് പോലും ആർക്കും പറയാൻ കഴിയാത്ത അവസ്ഥയാണിപ്പോഴുള്ളത്. 2012-ലാണ് 252 കോടി രൂപയുടെ പ്രോജക്ട് കൊടുത്തത്. അതിൽ 99 ലക്ഷം രൂപ മാത്രമാണ് കിട്ടിയത്. ഈ അനാഥത്വം കണ്ട് മെഡിക്കൽ കോളേജിനുവേണ്ടി നീക്കിവച്ച 60 ഏക്കർ റവന്യൂ ഭൂമി ഇപ്പോൾ കേഴുകയാണ്. എന്തിനാണ് കാസർഗോഡിനോട് ഈ അവഗണന? ഞങ്ങളും കേരളത്തിൽ തന്നെയല്ലേ ജീവിക്കുന്നതെന്നാണ് വിനയപുരസ്സരം ചോദിക്കാനുള്ളത്. എൻഡോസൾഫാൻ വിഷമഴ പെയ്ത കാസർഗോഡ് ജില്ലയിൽ നരകയാതനയനുഭവിക്കുന്ന നൂറുകണക്കിനാളുകളെ കരുതിയെങ്കിലും മെഡിക്കൽ കോളേജിന്റെ പണി പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ

സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.വി.എസ്. ശിവകുമാർ : സർ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് പുതിയതായി ഒരു മെഡിക്കൽ കോളേജ് ആരംഭിക്കു ന്നതിന് പ്രഥമമായി വേണ്ടത് 300 കിടക്കളോടുകൂടിയ പ്രവർത്തന ക്ഷമമായ ആശുപത്രിയാണ്. കൂടാതെ മറ്റ് സൗകര്യങ്ങളായ ക്ലാസ് മുറികൾ, ലാബുകൾ, മെഡിക്കൽ സർജിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കൽ ഇവയെല്ലാം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് തുടക്കത്തിൽ അത്യ ന്താപേക്ഷിതമാണ്. ഇവകൂടാതെ ക്യാമ്പസ്സിനുള്ളിലെ മറ്റ് സൗകര്യങ്ങൾ ഒരു ക്കൽ, സ്ഥിര ജീവനക്കാരെ നിയമിക്കൽ ഇവയെല്ലാം ചേർത്ത് ഒരു മെഡി ക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി ഏതാണ്ട് 500 കോടി രൂപ ചെല വാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രാരംഭ പ്രവർത്തനങ്ങളാണ് കാസർഗോഡ് മെഡിക്കൽ കോളേജിനായി ഇപ്പോൾ നടക്കുന്നത്. കാസർഗോഡ് പുതിയ ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതി നായി 2012-ലെ ബഡ്ജറ്റിൽ 625 ലക്ഷം രൂപയും 2013-14-ലെ ബഡ്ജറ്റിൽ 250 ലക്ഷം രൂപയും 2014-15-ലെ ബഡ്ജറ്റിൽ 250 ലക്ഷം രൂപയുൾപ്പെടെ ആകെ പതിനൊന്നേകാൽ കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 01.02.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിനുവേണ്ടി 99,75,877 രൂപയുടെ ഭരണാനുമതി നൽകിയി ട്ടുണ്ട്. 08.07.2013-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രോജക്ട് കൺസൽട്ടന്റായ കിറ്റ്കോയ്ക്ക് 19,95,000 രൂപ അഡ്വാൻസ് തുക അനുവദി

ച്ചിട്ടുണ്ട്. അനുവദിച്ച തുക പ്രോജക്ട് പ്രദേശത്തെ ഇന്റേണൽ റോഡുകൾക്കും ജല ലഭ്യതയ്ക്കും വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. 2014–15 സാമ്പത്തിക വർഷം കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ രണ്ടര കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച അനുമതി 02.06.2014–ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഈ തുക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സ്പെഷ്യൽ ടി. എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന മുറയ്ക്ക് സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെടുന്ന പ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകുന്നതാണ്. ഇത്തരത്തിൽ മുഖ്യമന്ത്രി തറക്കല്ലിട്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഘട്ടംഘട്ടമായി തുക നീക്കിവയ്ക്കുന്നുണ്ട്. കൂടാതെ നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്ന കാര്യവും പരിഗണനയിലാണ്. വളരെ പെട്ടെന്നുതന്നെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## (15) മങ്കട സി.എച്ച്.സി.യിലെ നിയമനം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, കഴിഞ്ഞ കുറേ പ്രാവശ്യമായി ഈ സഭയിൽ നിരന്തരം പറഞ്ഞ വിഷയമാണ്. ഒരിക്കൽ കൂടി ആവർത്തിക്കേണ്ടി വരുന്നതിൽ ഖേദമുണ്ട്. മങ്കടയിൽ പി.എച്ച്.സി. ആയി പ്രവർത്തിച്ച ആശുപത്രിയെയാണ് 2008–ൽ സി.എച്ച്.സി. ആക്കി ഉയർത്തിയത്. എന്നാൽ ഇതുവരെയും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ നടന്നിട്ടില്ല. ആ മണ്ഡലത്തിൽ സ്വകാര്യ ആശുപത്രി പോലും ഇല്ലാത്ത സ്ഥലമാണ്. ആശുപത്രിയ്ക്ക് വേണ്ടിയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

അതുമാത്രമല്ല കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് എം.പി. ഫണ്ടും എം.എൽ.എ. ഫണ്ടുമുപയോഗിച്ച് നാളെ താലൂക്കാശുപത്രി ആയി ഉയർത്തുമ്പോൾ ആവശ്യമായ കെട്ടിടങ്ങളുടെ പണി ഉൾപ്പെടെ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാലതാമസം കൂടാതെ സി.എച്ച്.സി. പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ പൂർത്തിയാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ വർഷത്തെ ബഡ്ജറ്റിലാണ് മങ്കട സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തിയതായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഗവൺമെന്റ് പരിശോധിച്ചുവരുകയാണ്. വളരെ പെട്ടെന്നുതന്നെ അതിനുവേണ്ട നടപടികൾ പൂർത്തികരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)